
JESUS REDEEMS MINISTRIES
യുവജനലോകം
ഡിസംബർ 2025
ക്രിസ്തുവിന്റെ സ്നേഹം എവിടെയും, ഏത് സ്ഥാനത്തും മറച്ചുവയ്ക്കാതെ
ഔദാര്യമായി നൽകുവിൻ!
JEMIMAH
5
INDIA

# ആമുഖം

**പ്രിയപ്പെട്ട യൗവനക്കാരെ,**

യേശുക്രിസ്തുവിന്റെ നാമത്തിൽ എന്റെ സ്നേഹാശംസകൾ! ഡിസംബർ മാസത്തിന്റെ വരവ് തന്നെ നമുക്ക് സന്തോഷം നൽകുന്നു. കാരണം, ലോകമെമ്പാടുമുള്ള എല്ലാവരും ക്രിസ്തുവിന്റെ ജനനം ആഘോഷിക്കുന്നു.

ഒരു വശത്ത് ഈ ആഘോഷങ്ങൾ നടക്കുമ്പോൾ, മറുവശത്ത് 146 കോടിയിലധികം ജനങ്ങൾ വസിക്കുന്ന നമ്മുടെ ഇന്ത്യയിൽ കോടിക്കണക്കിന് ജനങ്ങൾ യേശുവിന്റെ നാമം അറിയാതെ വേദനയിലും ദുഃഖത്തിലും ഇരുട്ടിലും ജീവിച്ചുകൊണ്ടിരിക്കുന്നുവല്ലോ എന്ന വേദനയും, ദുഃഖവും അനുദിനവും നമുക്കുണ്ടാകണം.

സമയത്തും അസമയത്തും എല്ലായിപ്പോഴും ദൈവവചനം പ്രസംഗിക്കണം. കാരണം, അത് നമ്മുടെ മേൽ കിടക്കുന്ന ഒരു കടമയാണ്. "ഞാൻ സുവിശേഷം അറിയിക്കുന്നില്ല എങ്കിൽ എനിക്ക് അയ്യോ കഷ്ടം" എന്ന് പൗലൊസ് പറയുന്നതു പോലെ, സുവിശേഷം അറിയിക്കാനുള്ള ആഗ്രഹം ഓരോ യൗവനക്കാരുടെ ഹൃദയത്തിലും കത്തി ജ്വലിക്കണം.

അടുത്തിടെ നടന്ന ലോകകപ്പ് സെമിഫൈനലിൽ ഇന്ത്യൻ ടീമിനു വേണ്ടി ജെമീമ നടത്തിയ പ്രകടനം ലോകം അത്ഭുതത്തോടെയാണ് കണ്ടത്. അതിലുപരി, ജെമീമ ഒരു ലജ്ജയും കൂടാതെ വിജയത്തിന് കാരണമായ യേശുവിനെ ഉയർത്തിയതും, അഭിമുഖത്തിൽ യേശുവിന്റെ നാമം പ്രഖ്യാപിച്ചതും കണ്ട് ഭൂഖണ്ഡങ്ങൾ ആശ്ചര്യപ്പെട്ടു.

പലരും പോരാട്ടം നേരിടുമ്പോൾ യേശുവിനെ വിളിക്കുകയും, വിജയം പ്രാപിച്ചശേഷം ലോകത്തിനുമുന്നിൽ എങ്ങനെ എനിക്ക് യേശുവിന്റെ നാമം ഉച്ചരിക്കാൻ കഴിയും എന്നും എന്റെ വിശ്വാസം എന്റെ ഉള്ളിൽ ഇരിക്കട്ടെ എന്നും അനേകർ യേശുവിനെ തങ്ങളുടെ ഉള്ളിൽ സൂക്ഷിക്കുന്ന ഈ കാലഘട്ടത്തിൽ, എനിക്ക് എല്ലാം യേശുവാണ്, യേശുവാണ് എന്റെ വിജയം എന്ന് പറഞ്ഞുകൊണ്ട് ലോകവേദികളിൽ യേശുവിന്റെ നാമത്തെ തുറന്ന മനസ്സോടെയും സ്നേഹത്തോടെയും സാക്ഷ്യം വഹിക്കുകയും, എനിക്കും ഭയമില്ലാതെ യേശുവിന്റെ നാമം പ്രഘോഷിക്കുവാൻ കഴിയുമെന്ന് പലരിലും വിശ്വാസവും പ്രചോദനവും ഉണർത്തുകയും ചെയ്തത് ഹൃദയസ്പർശിയായ ഒരു അനുഭവമായിരുന്നു.

**യൗവനക്കാരെ! ഈ ക്രിസ്തുമസിന്, നീ മടികൂടാതെ, ഉദാരമായി, കാലതാമസം കൂടാതെ ധാരാളമായി നൽകണം...**

**"എല്ലാ ഇന്ത്യക്കാർക്കും യേശുവിന്റെ സ്നേഹം"!!**



# Trendu LGBT



**ഹായ് ഫ്രണ്ട്സ്, സുഖമാണോ? നാം വർഷത്തിന്റെ അവസാനത്തിൽ എത്തിയിരിക്കുകയാണ്. ട്രെൻഡിയായ നിരവധി കാര്യങ്ങളെക്കുറിച്ച് മാസന്തോറും നാം കണ്ടുവല്ലോ. നമുക്ക് ദോഷം വരുത്തുന്ന കാര്യങ്ങൾ ഒഴിവാക്കുവാനും നാം ശ്രമിക്കുന്നു.**

ഈ മാസം നാം പ്രധാനപ്പെട്ട ഒരു കാര്യം പരിശോധിക്കുവാനും അതനുസരിച്ച് പ്രവർത്തിക്കുവാനും പോകുന്നു. ഇക്കാലത്ത് ട്രെൻഡിംഗായ ഒരു **fashion**. നാം വളരെയധികം കാണുന്ന ഒന്ന്. ജനങ്ങൾ അവരുടെ അടിവസ്ത്രങ്ങൾ **low hip**ൽ വ്യക്തമായി കാണുന്ന വിധത്തിൽ വസ്ത്രം ധരിക്കുന്ന ഒരു സംസ്കാരം. അതിന്റെ സത്യം മനസ്സിലാക്കിയെങ്കിൽ, അത് ലജ്ജാകരമായ കാര്യമാണ്.

ജയിലിലാണ് ഇത് ആരംഭിച്ചത്. ജയിലിലുള്ള ഒരു തടവുകാരൻ താൻ ഒരു സ്വവർഗാനുരാഗിയാണെന്ന് വെളിപ്പെടുത്താൻ ജയിൽ വസ്ത്രം അങ്ങനെ ധരിക്കുന്നു. അങ്ങനെ വസ്ത്രം ധരിച്ചിരുന്നാൽ ആ തടവുകാരൻ ഒരു സ്വവർഗാനുരാഗിയാണെന്ന് മറ്റ് തടവുകാർ മനസ്സിലാക്കും. അതേ ഉദ്ദേശ്യമുള്ളവർ പാപം ചെയ്യും.

ഈ സംസ്കാരം ക്രമേണ സമൂഹത്തിലേക്ക് കടന്നുവന്നു. നിലവിൽ ലോകമെമ്പാടും അതിവേഗം വ്യാപിച്ചുകൊണ്ടിരിക്കുന്ന ഒന്നാണ് **LGBTQ**. ഏത് രാജ്യമെടുത്താലും ഇത് അധികമായി കാണപ്പെടുന്നു. ഏറ്റവും കൂടുതൽ ബാധിക്കപ്പെടുന്നത് യൗവനക്കാരെയും കൗമാരക്കാരെയുമാണ്. ഇപ്പോൾ ഈ പാപം സ്കൂൾ, കോളേജ് ഹോസ്റ്റലുകളിലേക്കും കടന്നുവന്നിരിക്കുന്നു.

ഒരു പടി കൂടി മുന്നോട്ട് പോയാൽ, ധൈര്യത്തോടെ ഈ പാപം ചെയ്യാൻ തങ്ങളുടെ ലിംഗം മാറ്റുന്ന നിരവധി യൗവനക്കാരുമുണ്ട്. പ്രിയപ്പെട്ട യൗവനക്കാരേ, ഈ പാപം വളരെ ക്രൂരമാണ്. ഇത്രയും കാലം നിലവിലില്ലാത്ത ഈ കാര്യം ഇപ്പോൾ വ്യാപിക്കാനുള്ള കാരണം എതിർക്രിസ്തു ഉണർവിനെ പരിമിതപ്പെടുത്തി തന്റെ ഭരണം മുന്നോട്ട് കൊണ്ടുവരാൻ ശ്രമിക്കുന്നു എന്നതാണ്.

അവൻ മറ്റുള്ളവരെ തന്നിലേക്ക് ആകർഷിക്കുന്നവനാണ്. അതുകൊണ്ട് ലോകം മുഴുവനും തന്നെ അംഗീകരിക്കുവാനായി അവൻ ഈ രീതി കൊണ്ടുവരുന്നു. ലോകമെമ്പാടുമുള്ള എല്ലാ രാജ്യങ്ങളും ഇത് അംഗീകരിക്കുന്നതിനായി അവൻ ഇത് പ്രചരിപ്പിക്കുന്നു. വാസ്തവത്തിൽ, ഇസ്രായേൽ ദേശത്തിലാണ് അവൻ ഇത് ആരംഭിച്ചത്. ഇസ്രായേൽ ദേശത്ത്, ഈ സ്വവർഗാനുരാഗികൾക്കായി എല്ലാ വർഷവും ഒരു പ്രത്യേക **Pride Parade** നടക്കുന്നു. പ്രിയപ്പെട്ട യൗവന സഹോദരീ സഹോദരാ, ഒരു കാര്യം മനസ്സിലാക്കുവിൻ! ഈ പാപത്തിൽ ഏർപ്പെടുന്ന ആർക്കും സ്വർഗത്തിൽ പോകുവാൻ കഴിയില്ലെന്ന് വേദപുസ്തകം വ്യക്തമായി പറയുന്നു. മറ്റൊരു കാര്യം, നമ്മുടെ സ്രഷ്ടാവായ ദൈവത്തെ അപമാനിക്കുവാനും ദൈവത്തിന്റെ കോപം ഉണർത്തുവാനും പിശാച് സൃഷ്ടിച്ചതാണ് ഈ പാപം.

പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ, ഇന്നത്തെ കാലത്ത് ഈ പ്രവണത ദൈവരാജ്യം നമ്മുടെ ദേശത്ത് വരുന്നത് തടയുന്നു. ഈ തെറ്റായ ചിന്തകൾ നിങ്ങളുടെ മനസ്സിലുണ്ടെങ്കിൽ, അത് തടയുവാൻ ശ്രമിക്കുവിൻ. പരിശുദ്ധാത്മാവ് എവിടെയുണ്ടോ അവിടെ സ്വാതന്ത്ര്യമുണ്ട്. പാപവുമായുള്ള ഈ പോരാട്ടത്തിൽ നിന്ന് നിങ്ങൾക്ക് വിടുതൽ ലഭിക്കണമെങ്കിൽ, സകല സത്യത്തിലും വഴി നടത്തുന്ന പരിശുദ്ധാത്മാവിനാൽ നിങ്ങൾ നിറഞ്ഞിരിക്കണം.

**പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ, ഉത്തരവാദിത്തം നിങ്ങളുടെ കൈകളിലാണ്. ഈ പാപത്തെ ദേശത്തു നിന്ന് തുരത്തേണ്ടത് നിങ്ങളാണ്. ഈ പാപം നമ്മുടെ രാജ്യത്ത് പടരാതിരിക്കുവാൻ, കർത്താവിൽ ദൃഢനിശ്ചയത്തോടെ No LGBTQ എന്ന പ്രവണത സൃഷ്ടിക്കാം. ഉണർവിനായുള്ള വാതിലുകളെ സൃഷ്ടിക്കാം.**

- ഇത് അവസാനിക്കുന്നു.

# പുതിയ യാത്ര



**ബാംഗ്ലൂർ നഗരത്തിൽ ജനനം മുതൽ റീൽസ്, ടിക്ടോക് പോലുള്ള വെബ്സൈറ്റുകൾക്ക് അടിമപ്പെട്ട് ചെറുപ്രായത്തിൽ തന്നെ അടിപിടി, മദ്യപാനം, വഴക്ക് തുടങ്ങിയ പാപജീവിതം നയിച്ച ഒരു സഹോദരനെ കർത്താവ് സ്പർശിച്ച് വിടുവിച്ചതെങ്ങനെയെന്ന് ആ സഹോദരനോട് തന്നെ നമുക്ക് ചോദിക്കാമോ?**

## നിങ്ങളെക്കുറിച്ച് പറയാമോ?

എന്റെ പേര് മണി അബ്രഹാം. ഞാൻ ബാംഗ്ലൂരിലെ ഒരു ക്രൈസ്തവ കുടുംബത്തിലാണ് ജനിച്ചു വളർന്നത്. എന്റെ മാതാപിതാക്കൾ യേശുവിനെ അറിയാത്ത കുടുംബത്തിലുള്ളവരായിരുന്നു. എനിക്ക് 2 സഹോദരന്മാരും, ഒരു സഹോദരിയുമുണ്ട്. എന്റെ മൂത്ത സഹോദരൻ കുഞ്ഞായിരുന്നപ്പോൾ, അവന്റെ കാൽ വീർത്ത് നടക്കുവാൻ കഴിയാതിരുന്നു. ആ സമയത്ത് ഞങ്ങളുടെ ഭവനത്തിനടുത്തുള്ള ഒരു ക്രൈസ്തവ കുടുംബം എന്റെ അമ്മയോട് നിങ്ങൾ പള്ളിയിൽ വന്ന് പ്രാർത്ഥിച്ചാൽ നിങ്ങളുടെ മകൻ സൗഖ്യം പ്രാപിക്കും എന്നു പറഞ്ഞു. അങ്ങനെ ഞങ്ങളുടെ അമ്മ സഹോദരനെ കൂട്ടി പള്ളിയിലേക്ക് പോയി. കർത്താവ് സഹോദരന് സൗഖ്യം നൽകിയപ്പോൾ, യേശുവാണ് യഥാർത്ഥ ദൈവം എന്ന് മനസ്സിലാക്കിയ അമ്മ യേശുവിനെ സ്വന്തം



രക്ഷകനായി സ്വീകരിക്കുകയും, ക്രിസ്തുവിനെ അനുഗമിക്കുവാൻ ഞങ്ങളെ പ്രാപ്തരാക്കുകയും ചെയ്തു.

## നിങ്ങളുടെ ബാല്യകാലം....

എന്റെ അമ്മ യേശുവിനോട് വളരെ ഭക്തിയോടിരുന്നു. അതുകൊണ്ട് അവർ പതിവായി പള്ളിയിൽ പോകുമായിരുന്നു. ഞങ്ങളെയും അങ്ങനെ തന്നെ ശീലിപ്പിച്ചിരുന്നു. പക്ഷേ ചെറുപ്പം മുതൽ ഞാൻ അമ്മയുടെ നിർബന്ധം കാരണം പള്ളിയിൽ പോകുമെന്നല്ലാതെ, ആഗ്രഹത്തോടെ പോയതായി എനിക്ക് ഓർമ്മയില്ല. ഞായറാഴ്ച പുതിയ സിനിമ തിയറ്ററിൽ വരും. അത് കാണണമെന്ന ആഗ്രഹത്തോടെ ഞാൻ ഇരിക്കുമായിരുന്നു. ആരാധന കഴിഞ്ഞയുടനെ അങ്ങനെ തന്നെ സിനിമ കാണുവാനും, സ്നേഹിതരോടൊ-പ്പം കളിക്കുവാനും പോയിരുന്നു.



## നിങ്ങളുടെ സ്കൂൾ ജീവിതത്തെക്കുറിച്ച് പറയാമോ?

ഹൈസ്കൂളിൽ പഠിക്കുമ്പോൾ എന്റെ സ്വഭാവവും, സംസാരവും, ശൈലികളും മാറുവാൻ തുടങ്ങി. സ്കൂളിൽ  ക്ലാസ് ലീഡർ ഞാനായിരുന്നു. അത് എന്നിൽ നിഗളം കൊണ്ടുവന്നു. ആ ഉത്തരവാദിത്തം ഞാൻ ദുരുപയോഗം ചെയ്യുവാൻ തുടങ്ങി. എങ്ങനെയെന്നാൽ, ഞാൻ പറയുന്നത് എല്ലാവരും ശ്രദ്ധിക്കുന്നു, അങ്ങനെയെങ്കിൽ ഒരു നേതാവായാൽ ഞാൻ പറയുന്നത് എല്ലാവരും കേൾക്കും, അതുകൊണ്ട് ഒരു റൗഡി ആകണം എന്ന ചിന്ത എനിക്കുണ്ടായി. സ്കൂളിൽ പഠിക്കുമ്പോൾ, എപ്പോഴും ഞാൻ എന്റെ ബാഗിൽ ഒരു പേനാ കത്തി കരുതിയിരുന്നു. എന്റെ കൈവശം ഒരു കത്തി ഉണ്ടെന്ന് അവരെ കാണിക്കുകയും തമാശയായി എന്റെ സ്നേഹിതരെ കുത്തുന്നതുപോലെ നടിക്കുകയും, ചെയ്യുമായിരുന്നു. ഇത് എന്റെ കുടുംബം അറിഞ്ഞിരുന്നില്ല. മോശമായ വാക്കുകൾ സംസാരിക്കുക, എല്ലാവരെയും ശകാരിക്കുക ഇങ്ങനെയായിരുന്നു എന്റെ ജീവിതം.

എന്റെ കോളേജ് ജീവിതം ആരംഭിച്ചപ്പോൾ എനിക്ക് ധാരാളം സ്നേഹിതർ ഉണ്ടായിരുന്നു. എന്നെപ്പോലെതന്നെ കുത്താനും തല്ലാനും ആഗ്രഹിക്കുന്ന സ്നേഹിതരെയാണ് എനിക്ക് ലഭിച്ചത്. ലോക്ഡൗൺ ദിവസങ്ങളിൽ അക്രമാസക്തമായ ഈ സ്വഭാവങ്ങൾ വർദ്ധിക്കുവാൻ തുടങ്ങി. എവിടെയെങ്കിലും വഴക്കുണ്ടായാൽ, ഞങ്ങൾ രണ്ടോ മൂന്നോ പേർ ചേർന്ന് അവരെ തല്ലുകയും, എനിക്ക് ആരെയെങ്കിലും ഇഷ്ടപ്പെട്ടില്ലെങ്കിൽ മനഃപൂർവ്വം ഞാൻ അവരോട് വഴക്കുണ്ടാക്കുകയും ചെയ്യുമായിരുന്നു. എപ്പോഴും എന്റെ കൂടെ മൂന്നോ നാലോ പേർ ഉണ്ടാകും. എന്റെ കീഴിൽ 10 പേരുണ്ടാകണം, ഞാൻ വലിയ റൗഡി നേതാവാകണമെന്നും എനിക്ക് ഒരു ചിന്ത ഉണ്ടായി. അതുകൊണ്ട് വലിയ വലിയ റൗഡികളുടെ ചരിത്രം അന്വേഷിച്ച് വായിച്ച് എന്നെ ഞാൻ തന്നെ പ്രചോദിപ്പിക്കും.

അതിനുപുറമെ, **tik tok** ചെയ്യണം എന്ന ആശയവും എപ്പോഴും എന്റെ മനസ്സിലുണ്ടായിരുന്നു. ഞാൻ **Reels**ന് അടിമയായിരുന്നു. എല്ലാ ദിവസവും ഞാൻ **reels** അപ് ലോഡ് ചെയ്തിരുന്നു.





കാണുന്നവരെല്ലാം  **like** ചെയ്യുമ്പോൾ അത് എനിക്ക് വളരെ സന്തോഷമായിരുന്നു. അതുകൊണ്ട് ഞാൻ അത് തുടർന്നും ചെയ്തുകൊണ്ടിരുന്നു.

## ശരി... Reelsഉം റൗഡീസവും ആയിരുന്ന നിങ്ങളുടെ ജീവിതം എങ്ങനെയാണ് കർത്താവിലേക്ക് തിരിഞ്ഞത്?

പാപജീവിതം നയിച്ചിരുന്നുവെങ്കിലും, ഇടയ്ക്കിടെ ഞാൻ പള്ളിയിൽ പോയിരുന്നു. കുടുംബ പ്രാർത്ഥന, വ്യക്തിപരമായ പ്രാർത്ഥന, വേദപുസ്തക വായന അങ്ങനെ ഒന്നുമില്ല. കടമയ്ക്കായി പള്ളിയിൽ പോയിവരുന്നു. പരീക്ഷാ ദിവസങ്ങൾ വരുമ്പോൾ, ഭയം നിമിത്തം ഒരു ചെറിയ പ്രാർത്ഥന ചെയ്യും.  കോളേജിൽ പോകുമ്പോൾ വേദപുസ്തകത്തിൽ നിന്ന് ഒരു അദ്ധ്യായം വായിച്ചതിനുശേഷം പോകും. അല്ലാതെ പതിവായ പ്രാർത്ഥനയോ വേദപുസ്തക വായനയോ ഉണ്ടായിരുന്നില്ല.  യേശുവിനെക്കുറിച്ച് എനിക്കൊന്നും അറിയില്ല. പേരിന് മാത്രം പള്ളിയിൽ പോകും വരും അത്രതന്നെ.

ഈ സാഹചര്യത്തിൽ 2022ൽ എന്റെ സഹോദരിയുടെ മകൾക്ക് അസുഖം വന്നപ്പോൾ, പട്ടണത്തിലുള്ള എല്ലാ ആശുപത്രികളിലും ഞങ്ങൾ അവളെ കൊണ്ടുപോയിട്ടും ഒരു പ്രയോജനവുമുണ്ടായില്ല.

ഇതുനിമിത്തം ഞങ്ങളുടെ കുടുംബം വേദനയിലും, ദുഃഖത്തിലും ആയിരുന്നു. ആ സമയത്ത് യേശു വിടുവിക്കുന്നു ശുശ്രൂഷയിലേക്ക് ഫോൺ വിളിച്ച് പ്രാർത്ഥിച്ചു. വരുവിൻ പ്രാർത്ഥിക്കാം പരിപാടിയെക്കുറിച്ച് അവർ ഞങ്ങളോട് പറഞ്ഞതിനെ തുടർന്ന് ഞങ്ങൾ കാണുവാൻ തുടങ്ങി. ഞാനും കാണുമായിരുന്നു. മോഹൻ അങ്കിൾ ആദ്യം പാപക്ഷമയ്ക്കായി പ്രാർത്ഥിച്ചതിനുശേഷം അത്ഭുതങ്ങൾക്കായി പ്രാർത്ഥിച്ചപ്പോൾ, 'രോഗികളുടെ മേൽ കൈവച്ച് പ്രാർത്ഥിക്കുവിൻ, കർത്താവ് അത്ഭുതം ചെയ്യും!' എന്നു പറഞ്ഞു. ഞാൻ എന്റെ സഹോദരിയുടെ മകളുടെ മേൽ കൈവച്ച് പ്രാർത്ഥിച്ചപ്പോൾ, 'നിന്റെ കൈ എടുക്ക്, നിന്റെ പാപമാണ് ഈ കുഞ്ഞിന് അത്ഭുതം നടക്കുവാൻ തടസ്സമായിരിക്കുന്നത്' എന്ന് അങ്കിൾ പറഞ്ഞു. ഉടനെ ഞാൻ ഒറ്റയ്ക്ക് പോയി എന്റെ പാപങ്ങൾ ക്ഷമിക്കണമെന്ന് സമർപ്പണത്തോടെ പ്രാർത്ഥിച്ചു. അതിനുശേഷം അതുവരെ ലഭിക്കാത്ത ഒരു സമാധാനം എന്റെ ഉള്ളിൽ വന്നു. എന്റെ പാപം ക്ഷമിക്കപ്പെട്ടു എന്ന് എനിക്ക് വിശ്വാസം ഉണ്ടായി. ഞാൻ ആകാശത്തിൽ പറക്കുന്നതുപോലെ എനിക്ക് തോന്നി. അതിനെതുടർന്ന് വരുവിൻ പ്രാർത്ഥിക്കാം പരിപാടി സ്ഥിരമായി കാണുവാനും വചനങ്ങൾ കേൾക്കുവാനും തുടങ്ങി. കുടുംബമായി പ്രാർത്ഥിക്കുവാൻ തുടങ്ങി. പ്രധാനമായി, 10 മിനിറ്റ് പോലും പ്രാർത്ഥിക്കാത്ത ഞാൻ, മണിക്കൂറുകളോളം പ്രാർത്ഥിക്കുവാൻ തുടങ്ങി. കുറച്ച് ദിവസങ്ങൾക്ക് ശേഷം നാലുമാവടിയിൽ നടന്ന **Igniters camp**ൽ പങ്കെടുത്തു. 3 ദിവസം ഉണർവിനെക്കുറിച്ചും, യേശുവിന്റെ വരവിനെക്കുറിച്ചും വളരെ വ്യക്തമായി പഠിച്ചു. ഞാൻ പുതിയ അഭിഷേകം പ്രാപിച്ച് എന്റെ നഗരത്തിൽ പോയി ശുശ്രൂഷ ചെയ്യുവാൻ എന്നെ സമർപ്പിച്ചു. അതിനുശേഷം എന്റെ ജീവിതം മാറുവാൻ തുടങ്ങി.

ഇപ്പോൾ ഞാൻ ജോലി സമയത്തിന് പുറമേ സുവിശേഷവേല ചെയ്യുന്നു. കൂടാതെ, ഞങ്ങളുടെ സഭാ പാസ്റ്ററോടൊപ്പം ചേർന്ന് ശുശ്രൂഷ ചെയ്യുവാനുള്ള കൃപ കർത്താവ് നൽകിയിരിക്കുന്നു.




## യൗവനക്കാരോട് എന്താണ് പറയാനുള്ളത്?

യൗവനക്കാരായ നിങ്ങൾ നിങ്ങളുടെ ജീവിതം കർത്താവിനായി സമർപ്പിക്കുകയും, കർത്താവിന് ഇഷ്ടമല്ലാത്ത കാര്യങ്ങൾ വിട്ടുമാറി, കർത്താവിന്റെ ശബ്ദം കേൾക്കുകയും ചെയ്യുമ്പോൾ കർത്താവ് നിങ്ങളെ തനിക്ക് യോഗ്യമായ ഒരു പാത്രമായി ഉപയോഗിക്കും. എന്റെ ജീവിതത്തിൽ ഞാൻ എന്ത് ഉപേക്ഷിക്കണമെന്ന് കർത്താവ് പ്രതീക്ഷിച്ചുവോ അതിനായി സമർപ്പിച്ച് പ്രാർത്ഥിച്ചപ്പോൾ കർത്താവ് എന്നെയും ഉപയോഗിക്കുവാൻ തുടങ്ങി. അതുപോലെ നിങ്ങൾക്കും ചെയ്യും.

**പ്രിയപ്പെട്ട യൗവനക്കാരെ! ഒരു റൗഡിയാകുവാൻ കഠിനമായി ശ്രമിച്ച സഹോദരൻ മണി അബ്രഹാമിനെ കർത്താവ് സ്പർശിക്കുകയും, യേശുവിനായി തീക്ഷ്ണതയോടെ ശുശ്രൂഷ ചെയ്യുന്ന ഒരു യൗവനക്കാരനായി മാറ്റുകയും ചെയ്തുവെങ്കിൽ, ഇന്ന് നിങ്ങളും ഏതു തരത്തിലുള്ള പാപങ്ങൾക്ക് അടിമപ്പെട്ടിരുന്നാലും, ഈ വ്യക്തിയെപ്പോലെ കർത്താവിനായി സമർപ്പിക്കുമ്പോൾ, കർത്താവ് നിങ്ങളെയും ഒരു പുതിയ യാത്രയിലേക്ക് നയിക്കും!**



# വീഴ്ചയിൽ നിന്നും വിജയത്തിലേക്കുള്ള യാത്ര

**പ്രിയപ്പെട്ട യുവ നേട്ടക്കാർക്ക് എന്റെ സ്നേഹാശംസകൾ!**

**ഈ ലോകത്ത് നമുക്ക് ചെയ്യുവാൻ കഴിയാത്തതായി ഒന്നുമില്ല. എന്നാൽ നമ്മിൽ പലരും ഒരു പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞാൽ, പരാജയമോ പോരാട്ടമോ വരുമ്പോൾ, എനിക്ക് ഇനി അത് ചെയ്യാൻ കഴിയില്ല എന്ന് പറയുകയും വിജയത്തിൽ നിന്ന് പിന്മാറുകയും ചെയ്യുന്നു. എന്നാൽ നേരെമറിച്ച്, പരാജയമായാലും പോരാട്ടമായാലും എന്നെ എന്തു ചെയ്യുവാൻ സാധിക്കും എന്ന് ചിന്തിച്ച് ധൈര്യത്തോടെ നമ്മുടെ ജോലി ചെയ്യുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചാൽ, വിജയം നമ്മെ അന്വേഷിച്ചു വരും. അപ്രകാരം അസാധ്യമായത് സാധ്യമാകും എന്ന് ചിന്തിച്ച് അത് നേടിയെടുത്ത ഒരു നേട്ടക്കാരിയുടെ ജീവിതയാത്ര നിങ്ങൾക്കായി....**

എക്താ ഭ്യാൻ 1985ൽ ഇന്ത്യയിലെ ഹരിയാനയിൽ ജനിച്ചു. മറ്റ് കുട്ടികളെപ്പോലെ പഠനത്തിലും കായികരംഗത്തും വളരെ താല്പര്യത്തോടെ മുന്നോട്ടുവന്നു. 2003ൽ 17ാം വയസ്സിൽ ഒരു ബസ് അപകടത്തിൽ നട്ടെല്ലിന് ഗുരുതരമായി പരിക്കേറ്റു, അവൾക്ക് ഇനി നടക്കുവാൻ കഴിയില്ല, ജീവിതകാലം മുഴുവനും വീൽചെയറിൽ തന്നെ ആയിരിക്കണം എന്ന സാഹചര്യമുണ്ടായി. ഇത് അവളുടെ ജീവിതത്തിൽ ഒരു വലിയ വഴിത്തിരിവായിരുന്നു. എനിക്ക് ഇനി മറ്റുള്ളവരെപ്പോലെ നടക്കുവാൻ കഴിയില്ല എനിക്ക് ഒന്നും ചെയ്യാൻ കഴിയില്ല എന്ന് ചിന്തിച്ച് നിരാശപ്പെട്ടുപോകാതെ, സന്തോഷത്തോടെ ഒരു പുതിയ അദ്ധ്യായം ആരംഭിച്ചു.



ഇംഗ്ലീഷിൽ മാസ്റ്റേഴ്സ് പൂർത്തിയാക്കി, 2011ൽ ഹരിയാന സിവിൽ സർവീസ് പരീക്ഷ പാസായി. നിലവിൽ അവർ സംസ്ഥാന തൊഴിൽ വകുപ്പിൽ അസിസ്റ്റന്റ് ഡയറക്ടറായി ജോലി ചെയ്യുന്നു. 2014ൽ കായികരംഗത്ത് തന്റെ കരിയർ ആരംഭിച്ചു. ക്ലബ് ത്രോ, ഡിസ്ക്സ് ത്രോ തുടങ്ങിയ കായിക ഇനങ്ങളിൽ അവർ പരിശീലനം നേടി. 2016ൽ ബെർലിനിൽ നടന്ന ഐപിസി ഗ്രാൻഡ് പ്രീയിൽ ക്ലബ് ത്രോ വിഭാഗത്തിൽ വെള്ളി മെഡൽ നേടി.




2018ൽ ജക്കാർത്തയിൽ നടന്ന ഏഷ്യൻ പാരാ ഗെയിംസിൽ സ്വർണ്ണ മെഡൽ നേടി. ഈ വർഷം (2025) , ഡൽഹിയിൽ നടന്ന ലോക പാരാ അത് ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ ക്ലബ് വിഭാഗത്തിൽ വെള്ളി മെഡൽ നേടി. ഇത് അവരുടെ ഒമ്പതാമത്തെ അന്താരാഷ്ട്ര മെഡലാണ്. 2018-ലെ വികലാംഗർക്കുള്ള ദേശീയ അവാർഡിൽ മോഡൽ പേഴ്സൺ അവാർഡും അവർക്ക് ലഭിച്ചു.



**ഇത് വായിക്കുന്ന സ്നേഹിതരെ, ഒരു അപകടത്തിൽ എക്തയുടെ ജീവിതം പൂർണ്ണമായും മാറിമറിഞ്ഞു. പക്ഷേ 'എനിക്ക് കഴിയില്ല' എന്ന ചിന്ത അവളെ തളർത്തിക്കളഞ്ഞിരുന്നുവെങ്കിൽ, ഇന്ന് നാം അവരെ അറിയുമായിരുന്നില്ല. എന്ത് വന്നാലും എനിക്ക് നേടാൻ കഴിയും എന്ന ചിന്തയാണ് അവരെ വിജയത്തിലേക്ക് നയിച്ചത്. ഇന്ന് നിങ്ങൾ എന്ത് തീരുമാനമെടുക്കും? കഴിയുമോ കഴിയില്ലയോ.... ഉത്തരം നിങ്ങളുടേതാണ്..!**



# നന്മ ചെയ്യുവിൻ!

**അവൻ (കൊർന്നേല്യൊസ്) തന്റെ സകല ഗൃഹത്തോടും കൂടെ ദൈവത്തെ ഭയപ്പെടുന്നവനുമായി ജനത്തിനു വളരെ ധർമം കൊടുത്തും എപ്പോഴും ദൈവത്തോടു പ്രാർത്ഥിച്ചും പോന്നു (അപ്പൊ. പ്രവ. 10:23).**

ശതാധിപനായ കൊർന്നേല്യൊസിന് യഥാർത്ഥ ദൈവം ആരാണെന്ന് അറിയില്ലാതിരുന്നെങ്കിലും, ഒരു ദൈവമുണ്ടെന്നും, ആ ദൈവത്തിൽ വിശ്വസിച്ച്, ഭയത്തോടെ നടക്കണമെന്നും അദ്ദേഹം അറിഞ്ഞിരുന്നതുകൊണ്ട്, എളിയവർക്ക് ധർമം കൊടുത്തിരുന്നു. നിന്റെ പ്രാർത്ഥനയും ദാനധർമ്മങ്ങളും ദൈവസന്നിധിയിൽ എത്തിയിട്ടുണ്ടെന്ന് ദൈവത്തിന്റെ ദൂതൻ കൊർന്നേല്യൊസിനോട് പറഞ്ഞു. നാം മറ്റുള്ളവരെ സഹായിക്കുമ്പോൾ, അത് സ്വർഗ്ഗത്തിലെ ദൈവത്തിന്റെ മുന്നിൽ എത്തുന്നു. അതുകൊണ്ട് നന്മ ചെയ്യുവാനും, ദാനധർമ്മങ്ങൾ നൽകുവാനും നാം നമ്മെത്തന്നെ സമർപ്പിക്കണം.

## നാം എന്തിന് നന്മ ചെയ്യണം?

### ദൈവകല്പന

"ദരിദ്രൻ ദേശത്ത് അറ്റുപോകയില്ല; അതുകൊണ്ട് നിന്റെ ദേശത്ത് അഗതിയും ദരിദ്രനുമായ നിന്റെ സഹോദരന് നിന്റെ കൈ മനസ്സോടെ തുറന്നു കൊടുക്കേണമെന്നു ഞാൻ നിന്നോട് ആജ്ഞാപിക്കുന്നു" (ആവർ. 15:11). കർത്താവ് എളിയവരോടും ദരിദ്രരോടും കരുണയും കരുതലുമുള്ള ദൈവമാണ്. അതുകൊണ്ടാണ് കർത്താവ് ഈ കൽപ്പന എഴുതിയിരിക്കുന്നത്. "ദരിദ്രനെ പരിഹസിക്കുന്നവൻ അവന്റെ സ്രഷ്ടാവിനെ നിന്ദിക്കുന്നു" (സദൃ.17:5) എന്ന് വേദപുസ്തകം പറയുന്നു. എളിയവരായ ജനങ്ങളെ വിലകുറച്ച് കാണരുത്. കർത്താവ് അവരോട് കരുതലോടിരിക്കുന്നു.



## യഹോവയ്ക്ക് വായ്പ കൊടുക്കുന്നു

"എളിയവനോടു കൃപ കാട്ടുന്നവൻ യഹോവയ്ക്ക് വായ്പ കൊടുക്കുന്നു" (സദൃ. 19:17). എളിയവർക്ക് കൊടുക്കുമ്പോൾ കർത്താവിന് നിങ്ങൾ വായ്പ കൊടുക്കുന്നു എന്ന് വേദപുസ്കതം പറയുന്നു.

ദശാംശവും, കാണിക്കയും സഭയിലെ ശുശ്രൂഷയ്ക്ക് നൽകുമ്പോൾ മാത്രമേ നാം കർത്താവിന് കൊടുക്കുന്നുള്ളൂ എന്ന് പലരും ചിന്തിക്കുന്നു. ഒരു ദരിദ്രനായ വ്യക്തിയെ, വിധവയെ, അനാഥ കുഞ്ഞിനെ സഹായിക്കുമ്പോൾ പീഡിതർക്ക് നന്മ ചെയ്യുമ്പോൾ നിങ്ങൾ കർത്താവിന് വായ്പ നൽകുകയാണ്. ദരിദ്രർക്ക് നിങ്ങൾ ചെയ്യുന്ന നന്മയ്ക്ക് കർത്താവ് നിങ്ങൾക്ക് പ്രതിഫലം നൽകും.

ശുശ്രൂഷയ്ക്കായി ഒരു ഭാഗം നീക്കിവയ്ക്കുന്നതുപോലെ ദർദ്രർക്കായി ഒരു പങ്ക് നീക്കിവയ്ക്കണം എന്ന് കർത്താവ് എന്നോട് പറഞ്ഞു. അങ്ങനെ എന്റെ വ്യക്തിപരമായ ജീവിതത്തിലും, യേശു വിടുവിക്കുന്നു ശുശ്രൂഷയിൽ ആയാലും കാണിക്കയിൽ ഒരു ഭാഗം ശുശ്രൂഷയ്ക്കും, ഒരു ഭാഗം ദരിദ്രർക്കും വേണ്ടി മാറ്റി വയ്ക്കുന്നു.

അതുപോലെ എന്റെ വ്യക്തിപരമായ ജീവിതത്തിൽ എനിക്ക് ലഭിക്കുന്ന കാണിക്കയുടെ ഒരു ഭാഗം ദശാംശമായും, കർത്താവിന്റെ ശുശ്രൂഷയ്ക്ക് ഒരു

ഭാഗവും  ഒരു ഭാഗം എളിയവർക്കായും മാറ്റി വയ്ക്കും.  കർത്താവ് എന്നോട് നൽകുവാൻ പറയുന്ന എളിവനായ വ്യക്തിക്ക് ഞാൻ നൽകും. ഓരോ ക്രൈസ്തവരും മറ്റുള്ളവർക്ക് നന്മ ചെയ്യുന്നത് ശീലമാക്കണം.  കാരണം ഇത് കർത്താവ് നമുക്ക് നൽകിയിരിക്കുന്ന ഒരു കല്പനയാണ്.

## ആർക്കാണ് നന്മ ചെയ്യേണ്ടത്?
### അർഹതയുള്ളവർക്ക് ചെയ്യുവിൻ:

നന്മ ചെയ് വാൻ നിനക്കു പ്രാപ്തിയുള്ളപ്പോൾ അതിനു യോഗ്യന്മാരായിരിക്കുന്നവർക്കു ചെയ്യാതിരിക്കരുത് (സദൃ.3:27). എല്ലാവർക്കും ചെയ്യണമെന്ന് വേദപുസ്തകം പറയുന്നില്ല. യോഗ്യതയുള്ളവർക്ക് ചെയ്യുവാൻ വേദപുസ്തകം പറയുന്നു.  ഒരു ദിവസം രണ്ട് കൈകളും ഇല്ലാത്ത ഒരാൾ എന്നെ കാണാൻ വന്നു. അയാളെ കണ്ടാൽ ആർക്കും സഹതാപം തോന്നും. എന്നാൽ എനിക്ക് അയാളോട് സഹതാപം തോന്നിയില്ല. എന്റെ മകളുടെ വിവാഹം നടക്കുവാൻ പോകുന്നു. എനിക്ക് എവിടെയും ജോലി ചെയ്യാൻ കഴിയില്ല, വിവാഹത്തിന് വരുന്ന ആളുകൾക്ക് ഭക്ഷണം കൊടുക്കണം. പക്ഷേ അതിനുള്ള പണമില്ല സഹോദരാ എന്നു പറഞ്ഞുകൊണ്ട് അയാൾ കരഞ്ഞു. എന്തുകൊണ്ടോ അയാളെ സഹായിക്കാൻ കർത്താവ് എനിക്ക് പ്രേരണ നൽകിയില്ല.  അതുകൊണ്ട് ഞാൻ അയാളോട് വിലാസം നൽകിയിട്ട് പോകാൻ പറഞ്ഞു. ക്രിസ്തുമസ് ദിനത്തിൽ ഞാൻ ഒരാളുടെ കൈവശം പണം നൽകി, അയാളെക്കുറിച്ച് അന്വേഷിച്ച ശേഷം അത് അയാൾക്ക് നൽകുവാൻ പറഞ്ഞു. ഗ്രാമത്തിൽ പോയി അന്വേഷിച്ചപ്പോൾ, അയാളുടെ മകളുടെ വിവാഹം കഴിഞ്ഞിട്ട് വർഷങ്ങളായി, ഇന്ന് അയാളുടെ ഭവനത്തിൽ വിവാഹമൊന്നും നടക്കുന്നില്ല എന്നു പറഞ്ഞു. അയാൾ എന്നെ വഞ്ചിച്ച് പണം വാങ്ങുവാൻ എന്റെ അടുക്കൽ വന്നതായിരുന്നു. അതുകൊണ്ടാണ് കർത്താവ് എന്റെ ഹൃദയം അടച്ചിരുന്നത്. അതുകൊണ്ടാണ് യോഗ്യതയുള്ളവർക്ക് കൊടുക്കണം, ദരിദ്രരെ സഹായിക്കണം, വഞ്ചിക്കുന്നവരെ സഹായിക്കരുത് എന്ന് കർത്താവ് പറയുന്നത്.

## വിശ്വാസ കുടുംബത്തിനായി കൊടുക്കുവിൻ:

ആകയാൽ അവസരം കിട്ടുംപോലെ നാം എല്ലാവർക്കും, വിശേഷാൽ



സഹവിശ്വാസികൾക്കും നന്മചെയ്ക (ഗലാ.6:10). ജാതി മത വ്യത്യാസം പരിഗണിക്കാതെ, ആരായിരുന്നാലും ആവശ്യഭാരത്തോടിരിക്കുന്നവരെ സഹായിക്കുവിൻ. വിശ്വാസ കുടുംബത്തിന് നന്മ ചെയ്യണം. പ്രത്യേകമായി, യേശുവിനെ അറിഞ്ഞ് പുതുതായി രക്ഷ പ്രാപിച്ചവർക്ക് ഒരു പ്രശ്നമെങ്കിൽ, അവരെ സഹായിക്കണം.  സഹായിക്കാൻ ആരുമില്ലാത്തപ്പോൾ ഒരു വിശ്വാസിക്ക് നാം നന്മ ചെയ്തില്ലെങ്കിൽ അത് പാപമാണ്.

വർഷങ്ങൾക്ക് മുമ്പ്, ഞാൻ ശുശ്രൂഷയ്ക്കായി ഒരു ഗ്രാമത്തിൽ പോയപ്പോൾ, ദരിദ്രയായ ഒരു അമ്മയും വിദ്യാഭ്യാസം പൂർത്തിയാക്കി വർഷങ്ങളായിട്ടും തൊഴിൽരഹിതയായിരിക്കുന്ന ഒരു യൗവന പെൺകുട്ടിയും ആ അമ്മയുടെ ഭർത്താവിന് പെട്ടെന്ന് കാഴ്ചശക്തി നഷ്ടപ്പെട്ടതിനാൽ ജോലിക്ക് പോയി സമ്പാദിക്കുവാൻ കഴിയാതെ യാതൊരു വരുമാനമില്ലാതിരുന്നത് കണ്ടു. അടുത്ത ദിവസം പാചകം ചെയ്യാൻ ഒരു പിടി അരി പോലും ഉണ്ടായിരുന്നില്ല. ഞാൻ എന്തിന് ജീവിക്കണം സഹായിക്കാൻ ബന്ധുക്കളും ഇല്ല എന്ന് ആ അമ്മ കണ്ണുനീരോടെ പറഞ്ഞു. വലിയ ഭാരത്തോടെ കുടുംബത്തിനുവേണ്ടി പ്രാർത്ഥിച്ചശേഷം പുറത്തിറങ്ങിയപ്പോൾ, കർത്താവ് പോഷിപ്പിക്കും എന്ന് പറയുന്നുവല്ലോ? ആരെക്കൊണ്ട് പോഷിപ്പിക്കും ?

'നിന്നെ അയച്ചിരിക്കുന്നുവല്ലോ, നീ നൽകണം' എന്ന് കർത്താവ് എന്നോട് പറഞ്ഞു.  ഉടനെ എന്റെ പോക്കറ്റിലുണ്ടായിരുന്നതെല്ലാം ഞാൻ അവർക്ക് കൊടുത്തു, 'വിഷമിക്കേണ്ട, ഇപ്പോൾ കർത്താവ് നിങ്ങളെ പോഷിപ്പിച്ചതുപോലെ ഇനി മുതൽ ഓരോ ദിവസം  പോഷിപ്പിക്കും!

ധൈര്യത്തോടിരിക്കുവിൻ' എന്നു പറഞ്ഞ് ഞാൻ മടങ്ങിവന്നു. കുറച്ച് മാസങ്ങൾക്ക് ശേഷം, എന്റെ മകൾക്ക് ജോലി ലഭിച്ചു എന്ന് പറഞ്ഞു സന്തോഷത്തോടെ അവർ ദൈവത്തെ മഹത്വപ്പെടുത്തി.

### ദൈവ ശുശ്രൂഷകരെ കൈതാങ്ങുവിൻ:

വചനം പഠിക്കുന്നവൻ പഠിപ്പിക്കുന്നവന് എല്ലാ നന്മയിലും ഓഹരി കൊടുക്കേണം (ഗലാ.6:6). ആരിലൂടെ വചനം കേട്ട് നിങ്ങൾ അനുഗ്രഹിക്കപ്പെടുന്നുവോ, ആ വചനം പ്രസംഗിച്ചവരുമായി നിങ്ങൾ നന്മ പങ്കിടണം. ശുശ്രൂഷകർക്ക് നന്മ ചെയ്യണമെന്ന് വേദപുസ്തകം പറയുന്നു. നിങ്ങളുടെ ഗ്രാമത്തിലും നഗരത്തിലും ഗ്രാമങ്ങളിൽ നിന്ന് ഗ്രാമങ്ങളിലേക്ക് പോയി സുവിശേഷം അറിയിക്കുന്നവർക്കും ലഘുലേഖ ശുശ്രൂഷ ചെയ്യുന്നവർക്കും, നടന്ന് ശുശ്രൂഷ ചെയ്യുന്നവർക്കും സൈക്കിൾ വാങ്ങി കൊടുക്കാം. ഒരു നേരത്തെ ഭക്ഷണം വാങ്ങി കൊടുക്കാം, വസ്ത്രം വാങ്ങി കൊടുത്ത് അവരെ ശുശ്രൂഷയിൽ പ്രോത്സാഹിപ്പിക്കാം. നിങ്ങളെ വചനം പഠിപ്പിക്കുന്ന ശുശ്രൂഷകരുമായി നന്മകൾ പങ്കിടുവിൻ. സാരെഫാത്തിലെ വിധവയെപ്പോലെ കർത്താവിന്റെ ശുശ്രൂഷകരെ പോഷിപ്പിക്കുവിൻ, കർത്താവ് നിങ്ങളെ അളവില്ലാതെ അനുഗ്രഹിക്കും. "എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തനു നിങ്ങൾ ചെയ്തേടത്തോളം എല്ലാം എനിക്കു ചെയ്തു എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു" (മത്തായി 25:40).

### എങ്ങനെ നന്മ ചെയ്യണം?

വായ്പ വാങ്ങാതെ, നിങ്ങളുടെ കൈവശമുള്ളതിന്റെ ഒരു ഭാഗം കർത്താവിന് നൽകുവിൻ. നിങ്ങളുടെ അടുത്തുള്ള, സഭയിലുള്ള വിശ്വാസ കുടുംബങ്ങളെയും, നിങ്ങൾക്ക് അറിയാവുന്ന ശുശ്രൂഷകരെയും, മിഷനറിമാരെയും സഹായിക്കുവിൻ. നിങ്ങളോടൊപ്പം പഠിക്കുന്നവരിൽ പാവപ്പെട്ട വിദ്യാർത്ഥികളുണ്ടെങ്കിൽ, അവരുടെ പഠനത്തിന് അവരെ സഹായിക്കുവിൻ. തെരുവോരങ്ങളിൽ വസിക്കുന്ന എളിയവരായ ജനങ്ങൾക്ക് തൊഴിലവസരങ്ങൾ ഒരുക്കി കൊടുക്കുവിൻ. അങ്ങനെ ചെയ്യുമ്പോൾ കർത്താവ് നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കും.

**പ്രിയപ്പെട്ട യൗവന മകനെ(ളെ), ഈ മാസം ധാരാളമായി നന്മ ചെയ്യുകയും, എളിയവരെ സഹായിക്കുകയും ചെയ്യുമ്പോൾ കർത്താവിന്റെ ഹൃദയം സന്തോഷിക്കും. ഈ മാസം മാത്രമല്ല, എല്ലായ്പ്പോഴും എളിയവർക്ക് ഉദാരമായി കൊടുക്കുവാൻ കർത്താവ് നിങ്ങൾക്ക് ധാരാളമായി നൽകും!**


## ആഗോള ഉണർവ് പ്രാർത്ഥനാ കേന്ദ്രങ്ങൾ

*യേശു വിടുവിക്കുന്നു*

**ലോക ഉണർവ് പ്രാർത്ഥനാ കേന്ദ്രങ്ങൾ!**

**Trivandrum**
യേശു വിടുവിക്കുന്നു ആഗോള ഉണർവ് പ്രാർത്ഥനാ കേന്ദ്രം
KVR - 247, മുളവന ജംഗ്ഷൻ,
തേക്കുംമൂട്, കണ്ണമ്മൂല റോഡ്,
തിരുവനന്തപുരം - 695035
Office Time 9:30 A.M. - 5:30 P.M.
Ph: 92497 18266, 0471-233 1392.

**Kochi**
Chandrasseri House,
Madaplathuroth,
Moothakunnam - 683 516,
Kochi,
Kerala State.

**Kottayam**
2nd Floor,
Aswathy Tower,
Thekkumgopuram - 686 001,
Kottayam, Kerala State.
Office Time 10:00 A.M. - 6:00 P.M.
Mob: 94967 44001, 99463 00001.



**ദേശത്തിനു വേണ്ടി പ്രാർത്ഥിക്കുവാൻ വരുവിൻ... കർത്താവ് നിങ്ങളുടെ ഭാരങ്ങൾ മാറ്റും!**

തിരുവനന്തപുരം, കൊച്ചി, കോട്ടയം ശാഖാ കാര്യാലയത്തിൽ മാസത്തിന്റെ ആദ്യത്തെ ചൊവ്വാഴ്ച തിറപ്പിൻ വാസൽ ഉപവാസ പ്രാർത്ഥനയും, മറ്റുള്ള ചൊവ്വാഴ്ചകളിൽ ഉപവാസ പ്രാർത്ഥനയും ഉണ്ടായിരിക്കും. ദൈവമക്കൾ കടന്നുവന്നു വിടുതൽ പ്രാപിക്കുവിൻ.

# അത്ഭുത വാർത്തകൾ!

**Hi friends,** സുഖമാണോ? ക്രിസ്തുവിന്റെ ജനനം ആഘോഷിക്കുന്ന ഈ മാസത്തിൽ നിങ്ങളെ വീണ്ടും കാണുവാൻ കഴിഞ്ഞതിൽ വളരെ സന്തോഷം!
**ശരി വരുവിൻ... നമുക്ക് പംക്തിയിലേക്ക് കടക്കാം.**



വേദപുസ്തകത്തിൽ യേശു ഗലീല കടൽ കടന്ന് കടലിന്റെ മറുകരയിലുള്ള ദെക്കപ്പൊലി പ്രദേശത്ത് എത്തിയതായി നാം വായിക്കുന്നു. യേശു വള്ളത്തിൽ നിന്ന് ഇറങ്ങിയ ഉടനെ ആയിരക്കണക്കിന് അശുദ്ധാത്മാക്കൾ ബാധിച്ച ഒരു മനുഷ്യൻ യേശുവിന്റെ നേരെ വന്നു. അശുദ്ധാത്മാക്കൾക്ക് ഒരു മനുഷ്യനെ എന്തും ചെയ്യാൻ പ്രേരിപ്പിക്കാൻ കഴിയും. ചങ്ങലകൾ കൊണ്ടുപോലും അവനെ ബന്ധിക്കാൻ കഴിയാത്തവിധം ആയിരുന്നു. രാവും പകലും അവൻ കല്ലറകളിലും മലകളിലും നിലവിളിച്ചുകൊണ്ടിരുന്നു. കല്ലുകൾകൊണ്ട് തന്നെത്താൻ മുറിവേൽപ്പിച്ചുകൊണ്ടിരുന്നു. അശുദ്ധാത്മാവ് ബാധിച്ച മനുഷ്യൻ യേശുവിനെ കണ്ടപ്പോൾ ഓടിച്ചെന്ന് യേശുവിനെ നമസ്കരിച്ചു. തങ്ങളെ പറഞ്ഞയക്കരുതെന്നും, അവിടെ മേഞ്ഞുകൊണ്ടിരുന്ന പന്നികളിൽ കടക്കേണ്ടതിനു ഞങ്ങളെ അയയ്ക്കേണമെന്നും അശുദ്ധാത്മാവ് യേശുവിനോട് അപേക്ഷിച്ചു. യേശുവും അതുപോലെ ചെയ്ത് ആ മനുഷ്യനെ രക്ഷിച്ചു. ആ മനുഷ്യൻ സൗഖ്യം പ്രാപിച്ച് യേശുവിന്റെ അനുയായിമാറിയ സംഭവം നാം കാണുന്നു. ഇക്കാലത്ത് ഇത്തരമൊരു അത്ഭുതം സംഭവിക്കുമോ, ഇത്രയും ക്രൂരനായ ഒരു മനുഷ്യനെ മാറ്റുവാൻ യേശുവിന് കഴിയുമോ എന്ന് ചിന്തിച്ചുകൊണ്ടിരുന്നപ്പോൾ, ബീഹാറിനെ ഇളക്കിമറിക്കുന്ന **GEMS** മിഷനറി സംഘടനയിൽ നിന്ന് അത്ഭുതകരമായ വാർത്ത ലഭിച്ചു.
അമ്മയും അച്ഛനും ഇല്ലാത്ത സാഹചര്യത്തിലാണ് നാലു വയസ്സുകാരിയായ സായ് ലിയെ **GEMS** മിഷനറി സ്ഥാപനത്തിലേക്ക് കൊണ്ടുവന്നത്. ലജ്ജാവതിയും നിശബ്ദയുമായ അവൾ ചെറുപ്പത്തിൽ തന്നെ ക്രിസ്തുവിന്റെ സ്നേഹം മനസ്സിലാക്കി. എന്നാൽ 11 വയസ്സുള്ളപ്പോൾ ബന്ധുക്കൾ തന്ത്രപൂർവ്വം അവളെ അവരിൽ നിന്ന് വേർപെടുത്തി വിവാഹം കഴിപ്പിച്ചു. ഇത് **GEMS** മിഷനറി സ്ഥാപനത്തിന് വേദനയുണ്ടാക്കി. വരൻ ഒരു സർക്കാർ കോൺട്രാക്ടറായിരുന്നെങ്കിലും അയാൾ ക്രൂരനും, കുറ്റവാളിയും ഭീഷണിപ്പെടുത്തുന്നവനും ആയിരുന്നു. അയാൾ സായ് ലിയെ വെറുത്തിരുന്നു. എന്നാൽ കുറച്ച് വർഷങ്ങൾക്ക് ശേഷം, അദ്ദേഹത്തിന്റെ ഇളയ സഹോദരന് ഗുരുതരമായ രോഗം പിടിപെട്ടു. വാരണാസിയിലെ ബനാറസ് യൂണിവേഴ്സിറ്റി ആശുപത്രിയിൽ ആയിരക്കണക്കിന് രൂപ ചെലവഴിച്ചിട്ടും ഡോക്ടർമാർ അദ്ദേഹത്തെ ഉപേക്ഷിച്ചു. മന്ത്രവാദികളെ വീട്ടിലേക്ക് കൊണ്ടുവന്ന് ആ മനുഷ്യനെ സൗഖ്യമാക്കുവാൻ നിരവധി ശ്രമങ്ങൾ നടത്തി. സ്ഥിതി വളരെ മോശമായി.
അപ്പോൾ തന്റെ ഭാര്യയുടെ പ്രാർത്ഥനാ ജീവിതം കണ്ട സെയ് ലിയുടെ ഭർത്താവ് അവളുടെ അടുത്ത് വന്ന് തന്റെ സഹോദരനുവേണ്ടി പ്രാർത്ഥിക്കാൻ ആവശ്യപ്പെട്ടപ്പോൾ, ഞാൻ പ്രാർത്ഥിക്കുവാൻ തയാറാണ്; എന്റെ യേശു സൗഖ്യം നൽകും, എന്നാൽ നിങ്ങൾ ഇനി ഒരിക്കലും ആയുധമെടുക്കില്ലെന്നും യേശുവിനെ അനുഗമിക്കുമെന്നും വാക്ക് നൽകണം എന്ന് ആവശ്യപ്പെട്ടപ്പോൾ അദ്ദേഹം സമ്മതിച്ചു. 'എന്റെ സഹോദരന് സൗഖ്യം പ്രാപിച്ചില്ലെങ്കിൽ ഞാൻ നിന്നെ വെടിവച്ച് കൊല്ലും' എന്ന് അയാൾ പറഞ്ഞു. ഒടുവിൽ മൂന്ന് മണിക്കൂർ നീണ്ട തുടർച്ചയായ പ്രാർത്ഥന ആ സഹോദരനെ രക്ഷിച്ചു. അത് അവളുടെ ക്രൂരനായ ഭർത്താവിനെയും മാറ്റി. അതിനുശേഷം, അവർ രണ്ടുപേരും യേശുവിനായി ശുശ്രൂഷ ചെയ്യാൻ തുടങ്ങി. മറ്റുള്ളവരുമായി സുവിശേഷം പങ്കുവച്ചതിന് നിരവധി തവണ തല്ലും ഒരിക്കൽ വെടിയേൽക്കുകയും ചെയ്തിട്ടും അവർ തങ്ങളുടെ വേല സ്ഥിരതയോടെ തുടർന്നു.

**friends എന്തൊരു മാറ്റമാണെന്ന് നോക്കൂ? സൗഖ്യം മാത്രമല്ല, ക്രൂരനായ ഒരു വ്യക്തി പോലും ഒരു ശുശ്രൂഷകനായി രൂപാന്തരപ്പെട്ടത് വിചിത്രമല്ലേ? എല്ലാ പോരാട്ടങ്ങൾക്കിടയിലും വിശ്വാസത്തോടെ നാം യേശുവിനെ മുറുകെ പിടിക്കുമ്പോൾ, രോഗസൗഖ്യത്തിന്റെ വരം മാത്രമല്ല, ഒരു വ്യക്തിയുടെ മനസ്സിനെ മാറ്റുന്ന അത്ഭുതവും അതിലൂടെ നടക്കുന്നു. അത്തരമൊരു മാറ്റം വരുത്തുന്നവരായി കർത്താവ് നമ്മെ തിരഞ്ഞെടുത്തിരിക്കുന്നു. നിങ്ങൾ തയ്യാറാണോ friends?**

(വാർത്ത പംക്തി അവസാനിച്ചു)



# ഉദാരമായി നൽകുവിൻ!



**ക്രി**സ്തുമസ് കാലം നമുക്ക് വളരെ സന്തോഷം നൽകുന്നു. ആ വർഷം ക്രിസ്തുമസ് അടുത്തുകൊണ്ടിരുന്ന സമയത്തിൽ എല്ലാവരും ഉത്സവ ദിനങ്ങൾ ആഘോഷിക്കുവാൻ തയ്യാറെടുക്കുകയായിരുന്നു. എന്നാൽ അലക്സിനും കുടുംബത്തിനും ക്രിസ്തുമസ് ദിനത്തിന്റേതായ യാതൊരു ഉത്സാഹവും ഉണ്ടായിരുന്നില്ല. കാരണം, ആ വർഷം അവരുടെ സാമ്പത്തിക സ്ഥിതി മോശമായിരുന്നു. കടമില്ലാതെ ഓരോ മാസവും കടന്നുപോകാൻ വളരെ ബുദ്ധിമുട്ടായിരുന്നു. ആ വർഷം ക്രിസ്തുമസ് എങ്ങനെ ആഘോഷിക്കുമെന്ന് പല ചിന്തകൾ അവരുടെ മനസ്സിൽ ഉണ്ടായിരുന്നു. എങ്കിലും, കുഞ്ഞുങ്ങളുടെ ആഗ്രഹപ്രകാരം അവർ ഒരു ക്രിസ്തുമസ് ട്രീ സ്ഥാപിച്ച് ലൈറ്റുകൾ കൊണ്ട് അതിനെ അലങ്കരിച്ചു. കുഞ്ഞുങ്ങൾ പല വിധത്തിലുള്ള





സ്വപ്നങ്ങളോടെ, എന്തെല്ലാം സമ്മാനങ്ങൾ വേണമെന്ന് പട്ടിക നിരത്തുന്നത് കണ്ടപ്പോൾ കൂടുതൽ വേദനയായിരുന്നു.

ക്രിസ്തുമസ് അടുക്കുന്തോറും അലക്സിന്റെ മനസ്സിൽ വിഷമവും സങ്കടവും നിറഞ്ഞു. ക്രിസ്തുമസിന് രണ്ട് ദിവസം മുമ്പ്, ഒരു യാത്ര കഴിഞ്ഞ്  അലക്സും കുടുംബവും മടങ്ങിയെത്തിയപ്പോൾ വീടിന് മുന്നിൽ നിരവധി സമ്മാനപ്പൊതികൾ അടുക്കി വച്ചിരിക്കുന്നത് കണ്ട് അത്ഭുതപ്പെട്ടു. അത് എണ്ണി നോക്കിയപ്പോൾ കുടുംബത്തിലെ ഓരോ വ്യക്തിക്കും രണ്ട് സമ്മാനങ്ങൾ വീതം ഉണ്ടായിരുന്നു.  അത് കണ്ടപ്പോൾ കുടുംബത്തിൽ മുഴുവനും സന്തോഷവും, ക്രിസ്തുമസ് നാളുകളുടെ ഉത്സാഹവും ഉണ്ടായി.

പക്ഷേ ആരാണ് അത് നൽകിയത്? എവിടെ നിന്നാണ് അത് വന്നത്? എന്ന വിവരങ്ങളൊന്നും രേഖപ്പെടുത്തിയിരുന്നില്ല. ആ വർഷം അലക്സ് കുടുംബത്തോടൊപ്പം സന്തോഷത്തോടെ ക്രിസ്തുമസ് ആഘോഷിച്ചു.

ക്രിസ്തുമസ് എന്നാൽ തന്നെ പുതിയ വസ്ത്രങ്ങൾ, സമ്മാനങ്ങൾ, വീട് അലങ്കരിക്കുക, വൈവിധ്യമാർന്ന ഭക്ഷണങ്ങൾ ആസ്വദിക്കുക എന്നിവയാണ് നമ്മുടെ മനസ്സിൽ വരുന്നത്. അത് തെറ്റല്ല. പക്ഷേ ക്രിസ്തുമസിന്റെ യഥാർത്ഥ സന്തോഷം സ്വീകരിക്കുന്നതിലല്ല, മറിച്ച് മറ്റുള്ളവർക്ക് നൽകുന്നതിലാണ്. "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു" എന്ന് യോഹന്നാൻ 3:16ൽ നാം വായിക്കുന്നു.

## ഈ ക്രിസ്തുമസ് കാലത്ത് എങ്ങനെ യേശുവിന്റെ സ്നേഹം മറ്റുള്ളവരോട് വെളിപ്പെടുത്താം?



### നന്മ ചെയ്യുവിൻ

നാം സന്തോഷത്തോടെ ഉത്സവങ്ങൾ ആഘോഷിക്കുന്ന കാലത്തിൽ, പലതരം ആവശ്യങ്ങളോടിരിക്കുന്ന അനേകർ നമുക്ക് ചുറ്റും കാണപ്പെടുന്നു. അവർ നിങ്ങളുടെ പ്രദേശത്തിലും ഉണ്ടായിരിക്കാം. അത്തരം ആളുകളെ കണ്ടെത്തി അവരെ നമുക്ക് സഹായിക്കാനാകും. നമ്മെക്കാൾ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ആളുകൾക്ക് നല്ല ഭക്ഷണം നൽകി അവരെ സന്തോഷിപ്പിക്കാം. അനാഥ കുഞ്ഞുങ്ങൾക്ക് സമ്മാനം നൽകി അവരെ സന്തോഷിപ്പിക്കാം. "മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ട്, സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്ത്വപ്പെടുത്തേണ്ടതിനു നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ" എന്ന് മത്തായി 5:16ൽ പറയുന്നു. ഈ രീതിയിൽ സൽപ്രവൃത്തികൾ ചെയ്തുകൊണ്ട് നമുക്ക് ദൈവനാമത്തെ മഹത്വപ്പെടുത്താം. നാം ചെയ്യുന്ന ഏറ്റവും ചെറിയ കാര്യം പോലും അനേകരുടെ ജീവിതത്തിൽ വലിയ സ്വാധീനം ചെലുത്തും. 1 തിമൊഥെയൊസ് 6:18ൽ "നന്മ ചെയ് വാനും സൽപ്രവൃത്തികളിൽ സമ്പന്നരായി ദാനശീലരും ഔദാര്യമുള്ളവരുമായി .... "ഇരിക്കണമെന്ന് പൗലൊസ് തിമൊഥെയൊസിനോട് കൽപ്പിച്ചിരിക്കുന്നു. ലൗകികരും, അജ്ഞരുമായവരെപ്പോലെ പുകഴ്ച്ചയ്ക്കും പ്രശംസയ്ക്കുമായി യാതൊരു കാര്യവും ചെയ്യാതെ, ക്രിസ്തുവിന്റെ സ്നേഹം വെളിപ്പെടുത്തുവാനായി നമുക്ക് നന്മ ചെയ്യാം.



### സുവിശേഷം അറിയിക്കുവിൻ

സുവിശേഷം അറിയിക്കുവാൻ ക്രിസ്തുമസ് കാലത്തേക്കാൾ മികച്ച മറ്റൊരു അവസരമില്ല. യേശുവിനെ അറിയാത്ത ആയിരക്കണക്കിന് ജനങ്ങൾ നമുക്ക് ചുറ്റുമുണ്ട്. ഈ ഉത്സവ സമയങ്ങളിൽ മധുരപലഹാരങ്ങളോ സമ്മാനങ്ങളോ നൽകി യേശുക്രിസ്തുവിന്റെ സുവിശേഷം അവരുമായി പങ്കുവയ്ക്കാം. നാം വിതയ്ക്കുന്ന സുവിശേഷം എന്ന വിത്ത് ഒരു ദിവസം തീർച്ചയായും ഫലം കായ്ക്കും, നിങ്ങൾ സുവിശേഷം അറിയിക്കുന്ന വ്യക്തി രക്ഷ പ്രാപിക്കുവാൻ ധാരാളം സാധ്യതയുണ്ട്. "വചനം പ്രസംഗിക്ക; സമയത്തിലും അസമയത്തിലും ഒരുങ്ങിനില്ക്ക;" (2 തിമൊ.4:2). കഴിയുന്നത്ര ആളുകളുമായി സുവിശേഷം പങ്കിടുന്നതിന് നമ്മെത്തന്നെ സമർപ്പിക്കാൻ ഈ അവസരം നമുക്ക് ഉപയോഗിക്കാം. നമുക്ക് ലഭിച്ച വിലയേറിയ സമ്മാനമായ യേശുവിനെ കഴിയുന്നത്ര ആളുകളുമായി പങ്കുവച്ച്, അർത്ഥവത്തായ ഒരു ക്രിസ്തുമസ് നമുക്ക് ആഘോഷിക്കാം.

പ്രിയപ്പെട്ട യൗവനക്കാരെ! ഈ ക്രിസ്തുമസ് ദിനങ്ങളിൽ നന്മ ചെയ്യുന്നതിനോടൊപ്പം, സുവിശേഷം അറിയിക്കുകയും, ദൈവരാജ്യത്തിലേക്ക് അനേകരെ കൊണ്ടുവരാൻ പരിശ്രമിക്കുകയും ചെയ്യുവിൻ. ക്രിസ്തുവിന്റെ ജനനത്തിന്റെ നന്മ പ്രാപിച്ച നിങ്ങൾ മറ്റുള്ളവരുമായി അത് പങ്കുവയ്ക്കുകയും ഈ ക്രിസ്തുമസ് ദിനം സന്തോഷത്തോടെ ആഘോഷിക്കുകയും ചെയ്യുവിൻ!

# ഞാൻ ഒരു പ്രാർത്ഥന നായകൻ

കഴിഞ്ഞ 11 മാസങ്ങളിലും വിവിധ പ്രാർത്ഥനകളെക്കുറിച്ചും, ആ പ്രാർത്ഥനകൾ സമർപ്പിക്കുന്നതിനുള്ള കാരണങ്ങളെയും നാം കണ്ടു. ഈ വർഷത്തിലെ അവസാന മാസത്തിലേക്ക് കടക്കുമ്പോൾ, കഴിഞ്ഞ 12 മാസങ്ങളായി കർത്താവ് നമുക്ക് ചെയ്ത എല്ലാ നന്മകൾക്കായും നന്ദി പറയുന്നത് ഉചിതമാണ്. ഈ മാസം സ്തോത്ര പ്രാർത്ഥന എന്ന തലക്കെട്ടിൽ ചില കാര്യങ്ങളെക്കുറിച്ച് നാം നോക്കുവാൻ പോകുന്നു.




കർത്താവ് നമുക്ക് നൽകിയ സഹായങ്ങൾക്കും, അനുഗ്രഹങ്ങൾക്കും, സ്നേഹത്തിനും നന്ദി പ്രകടിപ്പിക്കുവാനുള്ള ഒരു മാർഗമാണ് സ്തോത്ര പ്രാർത്ഥന.

നാം ആർക്കെങ്കിലും ഒരു നന്മ ചെയ്യുമ്പോൾ അവർ നമ്മോട് നന്ദി പറയുമെന്ന് നാം പ്രതീക്ഷിക്കുന്നത് സ്വാഭാവികമാണ്. എന്നാൽ അവർ നന്ദി പറഞ്ഞില്ലെങ്കിൽ, അത് നമ്മെ വേദനിപ്പിക്കുന്നതുപോലെ, കർത്താവിനെയും വേദനിപ്പിക്കും. കർത്താവ് നമുക്ക് ചെയ്ത നന്മകൾ മറക്കാതിരിക്കുവാൻ നാം നന്ദിയുള്ളവരായിരിക്കണം.

## വേദപുസ്തകത്തിൽ സ്തോത്ര പ്രാർത്ഥന നടത്തിയവർ...

**ദാവീദ്:** നിരവധി സങ്കീർത്തനങ്ങളിലൂടെ കർത്താവിന് സ്തോത്രം പറയുന്നു (സങ്കീ. 107:1-3).

**യെശയ്യാവ്:** 12-ാം അദ്ധ്യായത്തിൽ ഒരു സ്തോത്ര പ്രാർത്ഥനാ ഗീതം ആലപിക്കുന്നു.

**പൗലൊസ്:** കൊലൊസ്സ്യർ 4:2ൽ, "പ്രാർത്ഥനയിൽ ഉറ്റിരിപ്പിൻ; സ്തോത്രത്തോടെ അതിൽ ജാഗരിപ്പിൻ" എന്ന് പൗലൊസ് ഉപദേശിക്കുന്നു. കൂടാതെ കൊലൊസ്സ്യർ 3:17ൽ "വാക്കിനാലോ ക്രിയയാലോ എന്തു ചെയ്താലും സകലവും കർത്താവായ യേശുവിന്റെ നാമത്തിൽ ചെയ്തും അവൻ മുഖാന്തരം പിതാവായ ദൈവത്തിനു സ്തോത്രം പറഞ്ഞുകൊണ്ടിരിപ്പിൻ" എന്നും പറയുന്നു.

**ഇസ്രായേല്യർ:** പഴയ നിയമത്തിൽ ഇസ്രായേല്യർ യഹോവയുടെ പ്രവൃത്തികൾക്കായി നന്ദിയോടെ പ്രാർത്ഥിച്ചിരുന്നു. ഉദാഹരണമായി, സങ്കീർത്തനം 107ൽ, തങ്ങളുടെ വിടുതലിനുള്ള നന്ദിപ്രകടനമായി ഇസ്രായേല്യർ ദൈവത്തെ പാടിസ്തുതിച്ചു.


"പത്തുപേർ ശുദ്ധരായിത്തീർന്നില്ലയോ; ഒമ്പതുപേർ എവിടെ? ഈ അന്യജാതിക്കാരനല്ലാതെ ദൈവത്തിനു മഹത്ത്വം കൊടുപ്പാൻ മടങ്ങിവന്നവരായി ആരെയും കാണുന്നില്ലല്ലോ എന്നു യേശു പറഞ്ഞിട്ട് അവനോട്: എഴുന്നേറ്റ് പൊയ്ക്കൊൾക; നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു എന്നു പറഞ്ഞു" (ലൂക്കൊസ് 17:17 -19). അക്കാലത്ത് കുഷ്ഠരോഗികൾ വീട്ടിൽ നിന്നും



നഗരത്തിൽ നിന്നും അകന്നു നിൽക്കണമായിരുന്നു. കുഷ്ഠരോഗത്തിന് മരുന്ന് കണ്ടെത്തിയിരുന്നില്ല. സൗഖ്യം പ്രാപിച്ചാൽ ആദ്യം പുരോഹിതന്റെ അടുക്കൽ പോയി തങ്ങളെ കാണിച്ച്, അവരുടെ രോഗസൗഖ്യം സ്ഥിരീകരിച്ചതിനുശേഷം മാത്രമേ വീട്ടിലേക്ക് പോകാൻ പാടുള്ളൂ. അത്തരമൊരു കാലഘട്ടത്തിലാണ് ഈ പത്ത് കുഷ്ഠരോഗികൾ അകലെ നിന്ന്, യേശൂ, നായകാ, ഞങ്ങളോടു കരുണയുണ്ടാകേണമേ എന്ന് നിലവിളിച്ചത്. യേശു ഒന്നും ചെയ്യാതെ, നിങ്ങൾ പോയി പുരോഹിതന്മാർക്കു നിങ്ങളെത്തന്നെ കാണിപ്പിൻ എന്നു പറഞ്ഞു. അവരും യേശുവിനെ വിശ്വസിച്ചു, പോകുന്ന വഴിയിൽ അവർ ശുദ്ധരായിത്തീർന്നു. സൗഖ്യം പ്രാപിച്ച ഒമ്പത് പേരും പുരോഹിതന്മാർക്ക് തങ്ങളെത്തന്നെ കാണിച്ച് കടന്നുപോയി. എന്നാൽ അവരിൽ ഒരുവൻ മാത്രം യേശുവിന്റെ അടുക്കലേക്ക് മടങ്ങിവന്ന് കാല്ക്കൽ കവിണ്ണുവീണ് യേശുവിന് നന്ദി പറഞ്ഞു.

യേശു തങ്ങളോട് പോകാൻ പറഞ്ഞതാണെന്ന് ആ ഒമ്പത് പേരും കരുതിയിരിക്കാം. നന്ദി പറയണം എന്ന ചിന്ത തന്നെ അവർക്ക് ഉണ്ടായില്ല. ഇവരെപ്പോലെ ആവശ്യങ്ങൾക്ക്, കർത്താവേ എന്ന് നിലവിളിക്കുകയും പിന്നീട് കർത്താവിനെ വിട്ടുപോകുകയും ചെയ്ത സന്ദർഭങ്ങൾ നമ്മുടെ ജീവിതത്തിലും ഉണ്ടായിട്ടുണ്ടാകാം. കർത്താവ് നിങ്ങൾക്കായി ചെയ്ത എണ്ണമറ്റ അനുഗ്രഹങ്ങൾ എപ്പോഴെങ്കിലും നിങ്ങൾ മറന്നുപോയിട്ടുണ്ടോ? നമുക്ക് ദൈവത്തിന്റെ പാദപീഠത്തിങ്കലേക്ക് മടങ്ങാം. കർത്താവിന്റെ കാല്ക്കൽ വീണ് ഹൃദയംഗമായി നന്ദി അർപ്പിക്കാം. സൗഖ്യം പ്രാപിച്ച മറ്റ് ഒമ്പത് പേരെ യേശു അന്വേഷിച്ചതുപോലെ, സ്വന്തം രക്തത്താൽ വീണ്ടെടുത്ത നമ്മെയും കർത്താവ് ഇന്ന് അന്വേഷിക്കുന്നു. നന്ദിയുള്ളവരായിരിക്കുവാനും ആ ദൈവത്തെ അന്വേഷിക്കുവാനും മറക്കരുത്.

ഈ വർഷത്തിന്റെ അവസാനത്തിലേക്ക് നാം എത്തിയിരിക്കുന്നു. ഈ വർഷം മുഴുവൻ നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിൽ കർത്താവ് ചെയ്ത എല്ലാ നന്മകളെയും ഓർത്ത് കർത്താവിനോട് നന്ദി പറയണം. എന്റെ ശക്തികൊണ്ടും എന്റെ ജ്ഞാനം കൊണ്ടും ഞാൻ ഈ കാര്യങ്ങൾ ചെയ്തു, അതിന് എന്തിന് കർത്താവിന് നന്ദി പറയണം എന്ന് നിങ്ങൾ കരുതുന്നുവോ? ദൈവത്തിന്റെ കൃപയാലാണ് നാം നിലനിൽക്കുന്നത്. നാം ജീവനോടിരിക്കുന്നത് കർത്താവിന്റെ കൃപയാൽ മാത്രമാണെന്ന് മറന്നുപോകരുത്.



ഇന്ന് കർത്താവ് നമുക്കുവേണ്ടി ചെയ്ത നന്മകൾ നാം മറന്നുപോകുന്നതുകൊണ്ടാണ് വ്യർത്ഥമായ അഹങ്കാരവും, അഹന്തയും നമ്മെ പിടികൂടുന്നത്. അന്ന് നാം ആയിരുന്ന അവസ്ഥയല്ല ഇന്ന്. കർത്താവ് നമ്മെ ഉയർത്തി. നമ്മുടെ പഴയ അവസ്ഥ മറക്കുമ്പോഴാണ് നാം മറ്റുള്ളവരെക്കാൾ ശ്രേഷ്ഠരാണെന്ന് നമ്മുടെ മനസ്സിൽ അഹങ്കാരം ഉണ്ടാകുന്നത്. അതുകൊണ്ട് നാം പ്രാർത്ഥിക്കുമ്പോൾ, യേശുവേ അങ്ങ് എനിക്ക് ചെയ്ത നന്മകളെ മറക്കാത്ത നന്ദിയുള്ള ഹൃദയം എനിക്ക് തരേണമേ എന്ന് പ്രാർത്ഥിക്കണം.

## പ്രിയപ്പെട്ട യൗവനക്കാരെ!

**നന്ദിയുള്ളവരായിരിക്കുവിൻ. നന്ദി മാത്രമാണ് കർത്താവ് നിങ്ങളിൽ നിന്ന് പ്രതീക്ഷിക്കുന്നത്. നിങ്ങളുടെ എല്ലാ പ്രാർത്ഥനകൾക്കും കർത്താവ് മറുപടി നൽകും. കർത്താവ് നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ!!**

\- ഇത് അവസാനിച്ചു.

# ഉണർവിന്റെ വിത്തുകൾ!



## ജോൺ ബാറ്റൻ

**കഴിഞ്ഞ മാസം നാം അലക്സാണ്ടർ ഡബ്ബിന്റെ മിഷനറി പ്രവർത്തനത്തെക്കുറിച്ച് കണ്ടു. ഈ മാസം വളരെ അപകടകാരികളായ കാട്ടാളന്മാർ വസിക്കുന്ന ഒരു ദ്വീപിൽ മാരകായുധങ്ങളുമായി തന്നെ ആക്രമിക്കാൻ വന്ന കാട്ടാളന്മാരുടെ നടുവിൽ ധൈര്യമായി നിന്ന്, സ്നേഹവും കരുണയും പ്രകടിപ്പിച്ച് തന്റെ ജീവൻ പോയാൽ പോകട്ടെ എന്ന് ഒന്നിനെയും ഭയപ്പെടാതെ കർത്താവിന്റെ സേവനത്തിനായി സ്വയം സമർപ്പിച്ച ഒരു മിഷനറിയുടെ ജീവിതം നോക്കാം.**

**ജോൺ ബാറ്റൻ** 1824ൽ സ്കോട്ട്ലൻഡിൽ ജനിച്ചു. അദ്ദേഹത്തിന്റെ ബാല്യകാലത്ത് അദ്ദേഹത്തിന്റെ ഭവനത്തിൽ വിശുദ്ധ സ്ഥലം എന്ന് പറഞ്ഞിരുന്ന ഒരു മുറി ഉണ്ടായിരുന്നു. ആ മുറിയിൽ ജോണിന്റെ അച്ഛൻ ഒരു ദിവസം മൂന്ന് തവണ പ്രാർത്ഥിക്കുമായിരുന്നു. പിതാവിന്റെ പ്രാർത്ഥനാ ജീവിതം ജോണിന് ഒരു വെല്ലുവിളിയായിരുന്നു. ജോൺ ക്രിസ്തുവിനെ തന്റെ സ്വന്ത രക്ഷകനായി സ്വീകരിച്ചു, ഒരു സുവിശേഷകനാകുവാൻ അദ്ദേഹം ആഗ്രഹിച്ചു.

അദ്ദേഹം ഗ്ലാസ്ഗോയിലെ തിയോളജിക്കൽ സെമിനാരിയിൽ ചേർന്നു. അവിടെയുള്ള ഒരു സ്കൂളിൽ അദ്ധ്യാപകനായി ജോലി ചെയ്തു. അധഃസ്ഥിതരെ സേവിക്കുന്ന ഗ്ലാസ്ഗോ സിറ്റി മിഷനറി സൊസൈറ്റിയിൽ ചേർന്നു. പത്ത് വർഷത്തിന് ശേഷമാണ് അദ്ദേഹത്തിന് തന്റെ ശുശ്രൂഷയുടെ ഫലങ്ങൾ കാണുവാൻ കഴിഞ്ഞത്. നിരവധി മദ്യപാനികളെയും, തൊഴിൽരഹിതരെയും, ക്രിസ്തുവിനെ ശപിക്കുന്നവരെയും ക്രിസ്തുവിനായി നേടി. ഇത്രയും കഠിനാധ്വാനം ചെയ്തിട്ടും അദ്ദേഹം കോളേജ് പഠനം തുടർന്നു.

നശിച്ചുകൊണ്ടിരിക്കുന്ന ജനങ്ങൾക്കുവേണ്ടി കർത്താവിന്റെ വേല ചെയ്യാൻ ആരും സമർപ്പിക്കാത്തതുകൊണ്ട്, നീ എഴുന്നേറ്റ് നിന്നെ സമർപ്പിക്ക എന്ന കർത്താവിന്റെ പ്രേരണ സ്വീകരിച്ചുകൊണ്ട്, 34-ാം വയസ്സിൽ (1858ൽ) ജോണും ഭാര്യയും ന്യൂഹെബ്രൈഡുകളിലേക്ക് പോകുന്ന കപ്പലിൽ കയറി, നീണ്ട യാത്രയ്ക്ക് ശേഷം ഏറ്റവും അപകടകാരികളായ കാട്ടാളന്മാർ താമസിക്കുന്ന ടന്ന ദ്വീപിൽ എത്തി. സുവിശേഷം ഈ അപകടകരമായ സ്ഥലത്താണ് ഏറ്റവും ആവശ്യമുള്ളത് എന്ന് മനസ്സിലാക്കിയ അദ്ദേഹം , ആദ്യം ആ ജനങ്ങളുടെ ഭാഷ പഠിച്ച്, വേദപുസ്തകം വിവർത്തനം ചെയ്ത് അത് വായിക്കുവാൻ അവരെ പഠിപ്പിക്കണമെന്ന് ആഗ്രഹിച്ചു. എന്നാൽ ജോൺ പ്രതീക്ഷിച്ചതുപോലെ ഒന്നും നടന്നില്ല. കുറച്ച് ദിവസങ്ങൾക്കുള്ളിൽ അദ്ദേഹത്തിന്റെ ഭാര്യ മലേറിയ ബാധിച്ച് മരിച്ചു. രണ്ടാഴ്ച കഴിഞ്ഞ് അദ്ദേഹത്തിന്റെ കൊച്ചു മകനും മരിച്ചു. എങ്കിലും, ജോൺ നിരാശനായില്ല. ആ ദ്വീപിൽ ശുശ്രൂഷിക്കാൻ കർത്താവ് തന്നെ അവിടേക്ക് അയച്ചതാണെന്ന് അദ്ദേഹം വിശ്വസിച്ചു. ഭാര്യയെയും മകനെയും നഷ്ടപ്പെട്ടെങ്കിലും, തന്റെ ശുശ്രൂഷ ഉപേക്ഷിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. ദ്വീപുവാസികൾ ഭൂതങ്ങളെയും പൂർവ്വിക ആത്മാക്കളെയും ആരാധിച്ചിരുന്നു.

സ്വാഭാവിക മരണം ഉണ്ടെന്ന് പോലും അവർക്ക് അറിയില്ലായിരുന്നു. ആ ഗ്രാമത്തിൽ ആര് മരണപ്പെട്ടാലും, നിങ്ങളുടെ ദൈവമാണ് ഈ മരണത്തിന് കാരണം, അതുകൊണ്ട് ഞങ്ങൾ നിങ്ങളെ കൊല്ലുവാൻ പോകുന്നു എന്നു പറഞ്ഞ് അവർ ജോണിനെ കുറ്റപ്പെടുത്തിയിരുന്നു. ദ്വീപുവാസികൾ സുവിശേഷം സ്വീകരിച്ചാൽ, അവരുടെ എല്ലാ ശക്തികളും നശിപ്പിക്കപ്പെടുമെന്ന് അവിടത്തെ മന്ത്രവാദികൾക്ക് അറിയാമായിരുന്നു. പ്രകൃതിദുരന്തങ്ങളും കഷ്ടപ്പാടുകളും ഉണ്ടാകുമ്പോൾ, മിഷനറിമാരാണ് അതിന് കാരണമെന്ന് പറഞ്ഞ് അവർ അവരെ കൊല്ലുവാൻ ശ്രമിച്ചിരുന്നു.

ജോൺ ബാറ്റന്റെ ശുശ്രൂഷ അപകടങ്ങളും കഷ്ടതയും നിറഞ്ഞതായിരുന്നു. പലപ്പോഴും അദ്ദേഹത്തിന് ഭീഷണികൾ നേരിടേണ്ടി വന്നു. നാല് വർഷത്തെ വേദനയേറിയ അനുഭവങ്ങളെ തുടർന്ന്, ...അദ്ദേഹം സ്കോട്ട്ലൻഡിലേക്ക് മടങ്ങി. നിരവധി പള്ളികൾ സന്ദർശിച്ച് സുവിശേഷം പ്രസംഗിക്കുകയും തന്റെ ദൗത്യത്തിന്റെ ആവശ്യങ്ങൾ വിശദീകരിക്കുകയും ചെയ്തപ്പോൾ, നാല് യുവാക്കൾ ദ്വീപിൽ മിഷനറിമാരായി ശുശ്രൂഷ ചെയ്യുവാൻ സന്നദ്ധരായി.



## അനീവ ദ്വീപിലെ ശുശ്രൂഷ

1865 ജനുവരിയിൽ, ബാറ്റൻ ടന്നയ്ക്കടുത്തുള്ള അനീവ ദ്വീപിലേക്ക് പോയപ്പോൾ, അവിടെയും നിരവധി അപകടങ്ങളും പോരാട്ടങ്ങളും നേരിട്ടു. ഈ ദ്വീപിൽ ബാറ്റന് അവിടുത്തെ ഭാഷ പഠിക്കേണ്ടിവന്നു. ടന്നയിൽ അദ്ദേഹം ഉപയോഗിച്ച ശുശ്രൂഷ രീതികൾ ഉപയോഗിച്ച് ഇവിടെയും ശുശ്രൂഷ ചെയ്തു. പലരും യേശുവിനെ സ്വീകരിച്ചു. എന്നാൽ ശത്രുക്കളും, പ്രകൃതി ദുരന്തങ്ങളും അദ്ദേഹത്തിന്റെ ശുശ്രൂഷയെ തടസ്സപ്പെടുത്തി. കുളിക്കാനും കുടിക്കാനും വസ്ത്രങ്ങൾ കഴുകാനും നല്ല വെള്ളമില്ലാത്ത ദ്വീപായതുകൊണ്ട് ബാറ്റൻ ഒരു കിണർ കുഴിക്കാൻ തുടങ്ങി. മഴയിലൂടെ ആകാശത്ത് നിന്ന് വെള്ളം വരുന്നു; ഭൂമി കുഴിക്കാൻ അയാൾക്ക് ഭ്രാന്തായിരിക്കും എന്നു പറഞ്ഞ് ഗ്രാമത്തിലെ ആളുകൾ അദ്ദേഹത്തെ കളിയാക്കി. പൂർണ്ണ വിശ്വാസത്തോടും പ്രാർത്ഥനയോടും കൂടി ബാറ്റൻ വളരെ ആഴത്തിൽ കുഴിച്ചതിനെ തുടർന്ന് ഒരു ദിവസം മണ്ണ് നനഞ്ഞിരിക്കുന്നതായി കണ്ട്, ഗ്രാമത്തിലുള്ള എല്ലാവരെയും കിണറിനടുത്ത് വിളിച്ചുകൂട്ടി, വെള്ളം കോരി ജനങ്ങളെ കാണിച്ചപ്പോൾ, എല്ലാവരും 'അയ്യോ... ഇതെന്ത് അത്ഭുതം! മണ്ണിനടിയിൽ നിന്ന് മഴ പെയ്യുന്നുവോ?' എന്നു പറഞ്ഞു.

' ഇത് എങ്ങനെ വന്നു?' എന്ന് അവർ ബാറ്റനോട് ചോദിച്ചു. നമുക്ക് വെള്ളമില്ലല്ലോ; അതിനായി ഞാൻ ദൈവത്തോട് പ്രാർത്ഥിച്ചു. കർത്താവ് നമുക്ക് ഈ വെള്ളം തന്നു എന്ന് അദ്ദേഹം പറഞ്ഞു. ദ്വീപ് നേതാവ് അത്ഭുതപ്പെട്ട്, യഹോവയാണ് സത്യദൈവം എന്ന് വിളിച്ചു പറഞ്ഞു. വർഷങ്ങളോളം അദ്ദേഹം നടത്തിയ എല്ലാ സുവിശേഷ പ്രസംഗങ്ങളെക്കാളും ഈ കിണറിലൂടെ അനേകം ആത്മാക്കളെ നേടുവാൻ സാധിച്ചു. അനേകർ കർത്താവിനെ വിശ്വസിക്കുകയും യേശുവിന്റെ മക്കളായിത്തീരുകയും ചെയ്തു. മഴയില്ലാത്തപ്പോൾ ജനങ്ങൾ കിണറിലെ വെള്ളം കുടിച്ചു ജീവിച്ചു.

1899-ൽ അദ്ദേഹം അനീവ ഭാഷയിൽ പുതിയനിയമം പ്രസിദ്ധീകരിച്ചു. യേശുവിനെ സ്വീകരിച്ച വിശ്വാസികളോടൊപ്പം കർത്താവിനെ ആരാധിക്കാൻ ഒരു ആലയം ആവശ്യമാണെന്ന് മനസ്സിലാക്കി അവരെല്ലാവരും ചേർന്ന് ആവേശത്തോടെ ഒരു ആലയം പണിതു. തുടർന്ന് അനിവാ ജനതയുടെ ഭാഷയിൽ അദ്ദേഹം ഒരു പാട്ടുപുസ്തകവും അച്ചടിച്ചു. 2 അനാഥാലയങ്ങൾ നിർമ്മിച്ചു. അവിടെ പഠിച്ച് വളർന്ന പലരും പിന്നീട് അദ്ധ്യാപകരും സുവിശേഷ ശുശ്രൂഷകരുമായി മാറി.

**എത്ര കഷ്ടപ്പാടുകൾ വന്നാലും വിളിച്ചവൻ വിശ്വസ്തൻ, കർത്താവിന്റെ കരം എന്നെ നയിക്കും, കർത്താവ് എന്നെ ഉപേക്ഷിക്കുകയില്ല എന്ന് കർത്താവിനെ വിശ്വസിച്ചിരുന്നതുകൊണ്ട് അദ്ദേഹത്തിന്റെ അക്ഷീണ പ്രവർത്തനത്തിന്റെ ഫലമായി ഇന്നും അനേകർ ക്രിസ്തുവിനെ ആരാധിച്ചുവരുന്നു. ജോൺ ബാറ്റനെപ്പോലെ നമുക്കും യേശുവിനും ദൈവരാജ്യത്തിനും വേണ്ടി പൂർണ്ണമായും സമർപ്പിക്കാം!**

# പ്രാർത്ഥന ഡയറി


ഡിസംബർ 2025

## മദ്യപാനം

തമിഴ്നാട്ടിൽ 4,829 ടാസ്മാക് മദ്യശാലകളും, ഈ സ്റ്റോറുമായി ബന്ധിപ്പിച്ചിരിക്കുന്ന 3,240 ബാറുകളുമുണ്ട്. ഈ ടാസ്മാക് മദ്യശാലകളിലൂടെ ഒരു ദിവസം 120 കോടി മുതൽ 130 കോടി രൂപ വരെ വിൽപ്പന നടക്കുന്നു. വാരാന്ത്യങ്ങളിൽ ഇത് 140 കോടി മുതൽ 150 കോടി രൂപ വരെയായി വർദ്ധിച്ചിരിക്കുന്നു. ഉത്സവ സീസണുകളിൽ മദ്യവിൽപ്പന 15 ശതമാനം കൂടി വർദ്ധിക്കുന്നു. കഴിഞ്ഞ വർഷം ദീപാവലിയ്ക്ക് മദ്യവിൽപ്പന 438 കോടി രൂപയായിരുന്നു. ഈ വർഷം 600 കോടി രൂപയുടെ വിൽപ്പന ലക്ഷ്യമിട്ടിരുന്നു. എങ്കിലും ലക്ഷ്യം മറികടന്ന് 789 കോടി 85 ലക്ഷം രൂപയ്ക്ക് മദ്യം വിറ്റു. അതായത്, 2025 ഒക്ടോബർ 18 ന് ഇത് 230 കോടി 6 ലക്ഷം രൂപയ്ക്കും, 19-ാം തിയതി 293 കോടി 73 ലക്ഷം രൂപയ്ക്കും, ദീപാവലി ദിവസം 266 കോടി 6 ലക്ഷം രൂപയ്ക്കും എന്നിങ്ങനെ ആകെ 789 കോടി 85 ലക്ഷം രൂപയ്ക്ക് മദ്യവിൽപ്പന നടന്നു. ഇന്ത്യയിൽ 15 വയസ്സിനുമുകളിൽ പ്രായമുള്ള 18.7% പുരുഷന്മാരും, 1.3% സ്ത്രീകളും മദ്യം ഉപയോഗിക്കുന്നു.

## പ്രാർത്ഥന വിഷയങ്ങൾ

1. കേരളത്തിലെ മദ്യശാലകൾ പൂർണ്ണമായും അടച്ചുപൂട്ടാനായി പ്രാർത്ഥിക്കുവിൻ.
2. മദ്യത്തിൽ നിന്നുള്ള വരുമാനം ഒരു ശാപം കൊണ്ടുവരുമെന്ന വസ്തുത അധികാരത്തിലിരിക്കുന്നവർ മനസ്സിലാക്കി അതനുസരിച്ച് പ്രവർത്തിക്കുവാനായി പ്രാർത്ഥിക്കുവിൻ.
3. മദ്യപാനം നിമിത്തം കുടുംബങ്ങളിലും, ബന്ധങ്ങളിലും ഉണ്ടാകുന്ന തകർച്ച തടസ്സപ്പെടുവാനായി പ്രാർത്ഥിക്കുവിൻ.
4. മദ്യപാനത്തിലൂടെ ഉണ്ടാകുന്ന അപകടങ്ങൾ ഇല്ലാതാകുവാനായി പ്രാർത്ഥിക്കുവിൻ.




## കാലാവസ്ഥാ വ്യതിയാനം

ഓരോ പ്രദേശത്തും ഓരോ സമയത്തും പനി പടരുന്നത് കാലാവസ്ഥയുടെ മാറ്റങ്ങൾ കൊണ്ടാണ്.ഒക്ടോബർ, നവംബർ മാസങ്ങളിലാണ് ഇത് ഏറ്റവും കൂടുതൽ പടരുന്നത്. കഴിഞ്ഞ വർഷം ആഗസ്റ്റ് മുതൽ ഏപ്രിൽ വരെ ഇത് നീണ്ടുനിന്നു. ഈ വർഷവും പനിയും വൈറസ് അണുബാധകളും പടരുന്നു. ഇൻഫ്ലുവൻസ പോലുള്ള പനി എല്ലായിടങ്ങളിലുമുള്ള ജനങ്ങളെയും ബാധിക്കുന്ന സാഹചര്യത്തിൽ, ഡെങ്കിപ്പനിയും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഒരു ദിവസം 60 മുതൽ 70 വരെ ആളുകൾ ഡെങ്കിപ്പനി ബാധിച്ച് ചികിത്സ തേടുന്നുണ്ടെന്ന് ആരോഗ്യ വകുപ്പ് പറയുന്നു. ഈ വർഷം ഇതുവരെ പതിനാലായിരത്തിലധികം ആളുകൾ ബാധിക്കപ്പെട്ടിരിക്കുന്നു. ഇതുവരെ 7 പേർ മരണപ്പെട്ടു.

## പ്രാർത്ഥനാ വിഷയങ്ങൾ

1. കാലാനുസൃതമായ മാറ്റങ്ങൾ മൂലമുണ്ടാകുന്ന രോഗങ്ങളിൽ നിന്ന് എല്ലാവരും സംരക്ഷിക്കപ്പെടുവാനും, കർത്താവിന്റെ സംരക്ഷണമുണ്ടാകുവാനും പ്രാർത്ഥിക്കുവിൻ.
2. പനിയും ശ്വാസകോശ സംബന്ധമായ രോഗങ്ങളും പടരാതിരിക്കുവാൻ സർക്കാർ മുൻകരുതൽ നടപടികൾ സ്വീകരിക്കുവാനായി പ്രാർത്ഥിക്കുവിൻ.
3. ഡെങ്കിപ്പനി ബാധിച്ച എല്ലാവരും സൗഖ്യം പ്രാപിക്കുവാനും, മഴക്കാലത്ത് ഡെങ്കിപ്പനി വൈറസിൽ നിന്നും കർത്താവ് നമ്മെ സംരക്ഷിക്കുവാനും പ്രാർത്ഥിക്കുവിൻ.
4. ഋതുഭേദങ്ങൾ നിമിത്തം അണുബാധകൾ പടരുന്നത് തടസ്സപ്പെടുവാനും, പകർച്ചവ്യാധികളിൽ നിന്ന് എല്ലാവരും സംരക്ഷിക്കപ്പെടുവാനും പ്രാർത്ഥിക്കുവിൻ.



## ഭക്ഷ്യവസ്തുക്കളുടെ വില വർദ്ധന

2024ൽ വിവിധ നഗരങ്ങളിൽ നടത്തിയ ഒരു സർവേ പ്രകാരം, ഇന്ത്യ ആഗോളതലത്തിൽ, അഞ്ചാമത്തെ വലിയ സമ്പദ് വ്യവസ്ഥയായി ഉയർന്നതോടെ, ഭക്ഷ്യവസ്തുക്കളുടെ വില ഗണ്യമായി വർദ്ധിച്ചു. ഇത് ജനങ്ങൾക്ക് ആരോഗ്യകരമായ ഭക്ഷണം ലഭ്യമാകുന്നതിന് ഒരു വലിയ വെല്ലുവിളിയായി മാറിയിരിക്കുന്നു. മുംബൈയിൽ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ഭക്ഷ്യവസ്തുക്കളുടെ വില 65% വർദ്ധിച്ചു. 93% ആളുകൾക്ക് ആരോഗ്യകരമായ ഭക്ഷണം ലഭ്യമല്ലാത്ത റഷ്യ ആദ്യസ്ഥാനത്തും, തൊട്ടു പിന്നാലെ നമ്മുടെ അയൽരാജ്യമായ പാക്കിസ്ഥാനിൽ 83% ജനങ്ങൾക്ക് ആരോഗ്യകരമായ ഭക്ഷണം ലഭ്യമാകാതെ രണ്ടാം സ്ഥാനത്തും, അവസാനമായി 74% ജനങ്ങൾക്ക് ഇന്ത്യയിലും ആരോഗ്യകരമായ ഭക്ഷണം ലഭ്യമല്ലെന്നും ലോകബാങ്കിന്റെ ഞെട്ടിക്കുന്ന റിപ്പോർട്ട് പറയുന്നു.

## പ്രാർത്ഥനാ വിഷയങ്ങൾ

1. വിവിധ സംസ്ഥാനങ്ങളിൽ വെള്ളപ്പൊക്കം നിമിത്തം ഉണ്ടായ ഭക്ഷ്യവസ്തുക്കളുടെയും വിളകളുടെയും ക്ഷാമം മാറുവാനായി പ്രാർത്ഥിക്കുവിൻ.

2. വരൾച്ച കാരണം കൃഷി പൂർണ്ണമായും നശിച്ചുപോയ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ, കർത്താവ് അനുഗ്രഹീതമായ മഴ നല്കുവാനായി പ്രാർത്ഥിക്കുവിൻ.

3. കർത്താവ് മഴ നൽകി കർഷകരുടെ കണ്ണുനീർ തുടയ്ക്കുവാനായി പ്രാർത്ഥിക്കുവിൻ.

4. നമ്മുടെ രാജ്യത്തിന്റെ സാമ്പത്തിക പുരോഗതിക്കും വിലക്കയറ്റം മാറുവാനായും പ്രാർത്ഥിക്കുവിൻ.



## വ്യാജ മരുന്നുകൾ

ഇന്ത്യയിൽ നിരവധി വ്യാജ കമ്പനികൾ വ്യാജ മരുന്നുകൾ വിൽക്കുന്നുണ്ടെന്ന് ലോകാരോഗ്യ സംഘടന റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മധ്യപ്രദേശിലും രാജസ്ഥാനിലും മായം കലർന്ന ചുമ മരുന്ന് കഴിച്ച് 20 കുഞ്ഞുങ്ങൾ മരിച്ചു. ഇത് രാജ്യത്തെ പിടിച്ചുകുലുക്കി. ഡൈഎത്തലീൻ ഗ്ലൈക്കോൾ എന്ന ബയോസിഡൽ വിഷവസ്തുവായ കോൾഡ്റിപ്പ് കഫ് മെഡിസിനിൽ മായം ചേർത്തിട്ടുണ്ടെന്ന് സ്ഥിരീകരിച്ചു. കഴിഞ്ഞ 6 വർഷത്തിനിടെ, 120 ലധികം കുഞ്ഞുങ്ങൾ മായം കലർന്ന ചുമ മരുന്നുകൾ കഴിച്ച് മരിച്ചു. ചുമക്കുള്ള മരുന്നുകളിൽ പ്രൊപിലീൻ ഗ്ലൈക്കോൾ, ഗ്ലിസറിൻ, സോർബിറ്റോൾ തുടങ്ങിയ ലായകങ്ങൾ അലിയിക്കാൻ ചേർക്കുന്നു. ഈ ലായകങ്ങളിൽ ഫാക്ടറികളിൽ തെറ്റായി ഉപയോഗിക്കുന്ന ഡൈഎത്തലീൻ ഗ്ലൈക്കോളിന്റെ മായം ചേർത്തതാണ് മരണങ്ങൾക്ക് കാരണം. ഗുരുതരമായ വൃക്ക തകരാറിനും നാഡീവ്യവസ്ഥയുടെ തകരാറിനും മരണത്തിനും കാരണമാകുന്ന മാരകമായ വിഷമാണിത്. മരുന്നുകളുടെ കയറ്റുമതി പ്രതിവർഷം 30 ബില്യൺ ഡോളർ, 3000 കോടി രൂപ വിദേശ നാണ്യം നൽകുന്നു.

## പ്രാർത്ഥനാ വിഷയങ്ങൾ

1. വ്യാജ വിൽപ്പനയും വിതരണവും കർശനമായി നിരീക്ഷണത്തിലാകുവാനായി പ്രാർത്ഥിക്കുവിൻ.
2. നമ്മുടെ നാട്ടിൽ ഇത്തരം വ്യാജ മരുന്നുകൾ ഉണ്ടെങ്കിൽ ഉടൻ കണ്ടെത്തി നശിപ്പിക്കുവാനായി പ്രാർത്ഥിക്കുവിൻ.
3. മായം കലർത്തി മരുന്നുകൾ നിർമ്മിക്കുന്ന കമ്പനികളുടെ ലൈസൻസ് റദ്ദാക്കുവാനും ഇതിൽ പങ്കാളികളായവർ മാനസാന്തരപ്പെടുവാനും പ്രാർത്ഥിക്കുവിൻ.
4. മായം കലർന്ന മരുന്നുകൾ കാരണം ഇനി ഒരു ജീവനും നഷ്ടപ്പെടാതിരിക്കുവാനായി പ്രാർത്ഥിക്കുവിൻ.



# തെറ്റായ ബന്ധം!!

Heart Beat

എനിക്ക് 19 വയസ്സ്. എന്റെ സഹോദരിക്ക് 26 വയസ്സ്. അവൾക്ക് വിവാഹം കഴിഞ്ഞ് രണ്ട് കുഞ്ഞുങ്ങളുമുണ്ട്. എന്റെ സഹോദരിയുടെ ഭർത്താവിന് 30 വയസ്സ്. ഇപ്പോൾ ഞാൻ കോളേജിൽ പഠിച്ചുകൊണ്ടിരിക്കുന്നു. ഒരു ദിവസം എന്റെ സഹോദരിയുടെ ഭർത്താവ് മോട്ടോർ ബൈക്കിൽ എന്നെ കോളേജിൽ **Drop** ചെയ്തു. അന്നുമുതൽ എനിക്ക് അദ്ദേഹത്തോട് ഒരു അടുപ്പം തോന്നി. കുറച്ച് ദിവസങ്ങൾക്കുള്ളിൽ അത് പ്രണയമായി മാറുവാൻ തുടങ്ങി. ഞാൻ അദ്ദേഹത്തെ എന്റെ ഭർത്താവായി കരുതി ജീവിക്കുന്നു. ഇതറിഞ്ഞ് എന്റെ സഹോദരിയും, മാതാപിതാക്കളും എന്നെ വഴക്കുപറഞ്ഞു. പക്ഷേ അയാളെ മറക്കാൻ എനിക്ക് കഴിഞ്ഞില്ല. എന്റെ തിരഞ്ഞെടുപ്പും ഉദ്ദേശ്യവും തെറ്റാണെന്ന് എല്ലാവരും പറയുന്നുണ്ടെങ്കിലും, അത് അംഗീകരിക്കുവാൻ എന്റെ മനസ്സ് അതിന് അനുവദിക്കുന്നില്ല. സോഷ്യൽ മീഡിയയിലും ടെലിവിഷനിലും ഇതുപോലെ നിരവധി കഥകളും സീരിയലുകളും വന്നുകൊണ്ടിരിക്കുന്നു. നമ്മൾ ജീവിക്കുന്ന കാലഘട്ടത്തിൽ ഇതെല്ലാം തെറ്റാണെന്ന് പറയുവാൻ കഴിയുമോ? ഞാൻ എനിക്ക് ഇഷ്ടമുള്ള ജീവിതം നയിക്കുന്നു. ഇങ്ങനെ ജീവിക്കണമെന്ന് പറയുന്ന ഒരു നിയമവുമില്ലെന്ന് എന്റെ സ്നേഹിതർ പറയുന്നു. അത്തരമൊരു ബന്ധത്തിൽ തെറ്റൊന്നുമില്ലെന്ന് എന്റെ ഉപബോധമനസ്സും എന്നോട് പറയുന്നു.

- ജൂലിയറ്റ്, ചെന്നൈ.



പ്രിയപ്പെട്ട സഹോദരി, നിങ്ങളുടെ കത്ത് ഞെട്ടിപ്പിക്കുന്നതും, വായിക്കുവാൻ അൽപ്പം വേദനാജനകവുമാണ്. കുടുംബമെന്ന മനോഹരമായ ബന്ധത്തെ നമ്മൾ നശിപ്പിക്കരുത്. നമ്മുടെ ബന്ധങ്ങൾ സ്നേഹം നിറഞ്ഞതാണ്. നിങ്ങളുടെ സഹോദരിയുടെ ഭർത്താവ് നിങ്ങളുടെ കാഴ്ചയിൽ ഒരു പിതാവിന്റെ സ്ഥാനം നൽകി ബഹുമാനിക്കേണ്ട ബന്ധമാണ്. ആ മനോഹരമായ ബന്ധത്തെ ആകർഷണം അല്ലെങ്കിൽ പ്രണയം എന്ന് വിളിക്കുന്നത് തെറ്റാണ്. നിങ്ങളുടെ സഹോദരിയുടെ ഭർത്താവിനോട് നിങ്ങൾക്കുള്ള തെറ്റായ വികാരത്തെ 'ഇച്ഛ' എന്ന് മാത്രമേ വിളിക്കുവാൻ കഴിയൂ. അത് വെറുപ്പുളവാക്കുന്നതും അപകടകരവുമാണ്.

ജൂലിയറ്റ്, സോഷ്യൽ മീഡിയയിലും ടെലിവിഷനിലും വരുന്നതുകൊണ്ടും അതിലെ അഭിനേതാക്കൾ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നതുകൊണ്ടും അത് ശരിയാണെന്ന് സ്വീകരിക്കുവാൻ കഴിയില്ല. ഓരോ ദിവസവും ഇതുപോലുള്ള ദൃശ്യങ്ങൾ ജീവിതത്തിൽ കാണുകയും അത് പിന്തുടരുകയും ചെയ്ത പലരുടെയും ദുരവസ്ഥയും, അവരുടെ ബന്ധങ്ങളുടെ അവസാനവും, അപകടകരമായ വഴിത്തിരിവുകളും മാധ്യമങ്ങളിലൂടെ ഇപ്പോഴും വന്നുകൊണ്ടിരിക്കുന്നു.




പുരുഷന് സ്ത്രീയോട് ആകർഷണം തോന്നുന്നത് സ്വാഭാവികമാണ്. എന്നാൽ ആ ബന്ധം വിവാഹമെന്ന മനോഹരമായ ബന്ധത്തിൽ അവസാനിക്കണം. നേരെമറിച്ച്, ഈ ആധുനിക സംസ്കാരത്തിൽ, 60 വയസ്സുള്ള പുരുഷന് 10 വയസ്സുള്ള ഒരു പെൺകുട്ടിയോട് ആകർഷണം തോന്നുന്നത് തെറ്റാണ്. അത് മൃഗീയതയ്ക്ക് തുല്യമാണ്. അതുപോലെ, 40 വയസ്സുള്ള ഒരു സ്ത്രീക്ക് 15 വയസ്സുള്ള ആൺകുട്ടിയോട് ആകർഷണം തോന്നുന്നതും പ്രണയം എന്ന് വിളിക്കാൻ കഴിയില്ല. അത് വളരെ നിന്ദ്യമായ കാമത്തിന്റെയും അനുരാഗത്തിന്റെയും പ്രവൃത്തികളാണ്.

ഈ ആധുനിക സംസ്കാരത്തിൽ സ്വഭാവം, വാത്സല്യം, ധാർമ്മികത, എളിമ എന്നിവ മറന്നുപോകുകയും, മൃഗങ്ങളെക്കാൾ തരംതാഴ്ന്ന രീതിയിൽ പെരുമാറുന്നതും പരിഷ്കൃതമോ ആധുനികമോ അല്ല.

ആധുനിക തലമുറ, ഇന്റർനെറ്റ് ലോകം, **AI** കൃത്രിമ ബുദ്ധി തുടങ്ങിയ ചിന്തയിലും സാങ്കേതികവിദ്യയിലും മനുഷ്യർ വളർന്നു വികസനം നേടിയാലും, കർത്താവ് സൃഷ്ടിച്ച




ബന്ധങ്ങളെ ബഹുമാനിക്കാതെ, നമ്മുടെ സ്വന്തം രീതിയിൽ കാര്യങ്ങൾ ചെയ്യുന്നതിനാൽ, രാജ്യത്തിന്മേൽ നിരവധി കഠിനമായ നിയമങ്ങൾ അടിച്ചേൽപ്പിക്കപ്പെടുന്നു.

പ്രായപൂർത്തിയാകാത്തവരുടെ സംരക്ഷണത്തിനായാണ് പോക്സോ നിയമം സൃഷ്ടിക്കപ്പെട്ടത്. കാരണം ഇന്ത്യയിലെ സ്ഥിതിഗതികൾ കൊച്ചു കുഞ്ഞുങ്ങളുടെ സംരക്ഷകരാകേണ്ട മുതിർന്നവർ തന്നെ അവരുടെ ജീവൻ കൊള്ളയടിക്കുകയും, നശിപ്പിക്കുകയും, കൊല്ലുകയും ചെയ്യുന്ന അവസ്ഥയിലേക്ക് മാറിക്കൊണ്ടിരിക്കുകയാണ്. ജൂലിയറ്റ്, ഈ പാപ പ്രവൃത്തിയിൽ നിന്ന് നിങ്ങൾ പുറത്തുവന്നാൽ, നിങ്ങൾക്ക് പുതിയൊരു ജീവിതം ലഭിക്കും.

## എന്തു ചെയ്യാം? നിങ്ങൾക്കായി ചില സഹായങ്ങൾ...

► ആദ്യം നിങ്ങളുടെ ചിന്ത തെറ്റാണെന്ന് സമ്മതിക്കണം.നിങ്ങളുടെ മാനസികാവസ്ഥ മാറണം.

► ഇതുപോലുള്ള ചിന്തകളെയും ഓർമ്മകളെയും ഉണർത്തുന്ന ചിത്രങ്ങൾ ഒഴിവാക്കണം.

►നിങ്ങളുടെ സഹോദരിയുടെ ഭവനത്തിൽ പോകുന്നതും അവരെ കാണുന്നതും ഒഴിവാക്കണം.

► ഇത്തരം കാര്യങ്ങൾ പ്രോത്സാഹിപ്പിക്കുന്ന മോശം സ്നേഹിതരിൽ നിന്നും അകന്നിരിക്കണം.

► ഈ ചിന്ത പാപമാണെന്നും അത് എന്നെ അശുദ്ധ പ്രവൃത്തികളിലേക്ക് നയിക്കുമെന്നും മനസ്സിലാക്കി, ഈ അടിമത്ത ചിന്തയിൽ നിന്ന് വിടുതൽ നേടാൻ ദിവസവും പ്രാർത്ഥിക്കുവിൻ.

► യേശുക്രിസ്തു നിങ്ങളുടെ പാപങ്ങൾ ക്ഷമിച്ച് വിടുതൽ നൽകും.

► ശ്രമിച്ചാൽ അസാധ്യമായി ഒന്നുമില്ല.

## ഒരുപക്ഷേ ഇത് തെറ്റല്ലെന്ന് കരുതി, തുടർന്നും ഈ ചിന്തയെ വളർത്തിയാൽ.....

► നിങ്ങളുടെ ചിന്തകൾ നിങ്ങളുടെ പ്രവൃത്തികളായി മാറാനുള്ള സാധ്യതയുണ്ട്. നിങ്ങൾക്ക് അച്ചടക്കമില്ലാത്ത ജീവിതം മാത്രമേ നയിക്കുവാൻ കഴിയൂ.

► നിങ്ങളുടെ സഹോദരിയുടെ കുടുംബം തകരുവാൻ സാധ്യതയുണ്ട്.

► അവരുടെ രണ്ട് കുഞ്ഞുങ്ങളുടെ ഭാവി ഒരു പേടിസ്വപ്നമായി മാറിയേക്കാം.

► നിങ്ങളുടെ കുടുംബം നിങ്ങളെ മാറ്റിനിർത്തിയേക്കാം. സമൂഹം നിങ്ങളെ അപമാനത്തിന്റെ ചിഹ്നമായി കാണാം.

► ചില ഘട്ടങ്ങളിൽ നിങ്ങൾ നിരാശപ്പെട്ട്, വിരക്തിയിൽ തെറ്റായ പല തീരുമാനങ്ങളും എടുത്തേക്കാം.

► ഏതൊരു പാപപ്രവൃത്തിയും ആദ്യം ആനന്ദകരമായി തോന്നിയേക്കാം.

► പക്ഷേ അവസാനം അത് വേദനയിലും കണ്ണുനീരിലും മാത്രമേ നയിക്കുകയുള്ളൂ.

► ഇതൊരു തോന്നലായിരിക്കുമ്പോൾ തന്നെ തിരുത്തുന്നത് നന്നായിരിക്കും. അല്ലെങ്കിൽ അത് രൂപപ്പെടുമ്പോൾ വലിയ വേദനയും അപമാനവും ഉണ്ടാക്കുമെന്നതിൽ സംശയില്ല.



**ജൂലിയറ്റ്, നിങ്ങൾ അൽപ്പം ചിന്തിച്ച് ഈ അഗാധഗർത്തത്തിൽ നിന്ന് പുറത്തുകടക്കാൻ ശ്രമിക്കണം. യേശുക്രിസ്തു ഏതൊരു പാപവും ക്ഷമിക്കുകയും രൂപാന്തരം നൽകുകയും ചെയ്യും. ഈ തെറ്റായ ചിന്തയിൽ നിന്ന് യേശുവിന് നിങ്ങളെ വിടുവിക്കുവാൻ കഴിയും. ചിന്തിച്ച് പ്രവർത്തിക്കുവിൻ!**



# മൗണ്ട് സിനായ്

## (ഏക ദിന യുവജന ഉപവാസ യോഗം)

അന്ത്യകാല ഉണർവിൽ രാജ്യത്തിനുവേണ്ടി പ്രാർത്ഥിക്കുവാൻ യൗവനക്കാരെ വളർത്തിയെടുത്ത്, അവർ നശിച്ചുകൊണ്ടിരിക്കുന്ന ആത്മാക്കളെ സുവിശേഷവൽക്കരിക്കുന്ന സൈന്യമായി മാറണം എന്ന ലക്ഷ്യത്തോടെ, കഴിഞ്ഞ 15 വർഷമായി ദീപാവലി ദിവസം പല സ്ഥലങ്ങളിലും മൗണ്ട് സിനായി യുവജന ഉപവാസ പ്രാർത്ഥന നടത്തിവരുന്നു.

ഈ വർഷവും ദൈവത്തിന്റെ കൃപയാൽ, കേരളം, തമിഴ്നാട്, ആന്ധ്രാപ്രദേശ്, കർണാടക, പോണ്ടിച്ചേരി, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിലായി 33 സ്ഥലങ്ങളിൽ മൗണ്ട് സിനായി കൂട്ടായ്മ ക്രമീകരിച്ചു. ഒരു ദിവസത്തെ ഉപവാസ പ്രാർത്ഥനയിൽ ഏകദേശം 6500 പേർ പങ്കെടുത്തു.

"ഏലിയാവേ എഴുന്നേൽക്കൂ, നിന്റെ ശക്തി ധരിച്ചുകൊൾക" എന്ന തലക്കെട്ടിൽ ആദ്യ ഭാഗത്തിൽ ഏലീയാവിനെപ്പോലെ യൗവനക്കാർ കർത്താവിന്റെ മുമ്പാകെ നിൽക്കേണ്ടതിന്റെയും രണ്ടാം ഭാഗത്തിൽ ശക്തിയുടെ വരങ്ങൾ ഉപയോഗിച്ച് കർത്താവിനുവേണ്ടി പ്രവർത്തിക്കേണ്ടതിന്റെയും ആവശ്യകതയെക്കുറിച്ചുള്ള സന്ദേശം അറിയിക്കുവാൻ കർത്താവ് ശുശ്രൂഷകരെ ഉപയോഗിച്ചു.

നാലുമാവടിയിൽ സഹോദരൻ മോഹൻ സി. ലാസറസിനെയും സഹോദരി ആഷ് ലിയെയും കർത്താവ് ശക്തമായി ഉപയോഗിച്ചു. ദേശത്തിനുവേണ്ടി ഇടിവിൽ നിന്ന് പ്രാർത്ഥിക്കുവാനും, സുവിശേഷം അറിയിക്കുവാനും, കർത്താവിന് ഹിതമല്ലാത്ത കാര്യങ്ങളിൽ ഏർപ്പെടാതെ ഉണർവിനായി തീക്ഷ്ണതയോടെ പ്രയോജനപ്പെടുവാൻ യൗവനക്കാർ തങ്ങളെ സമർപ്പിക്കുകയും ചെയ്തു.
























பூமியின்மேல் அக்கினியைப் போட வந்தேன்,
அது இப்பொழுதே பற்றி எரியவேண்டுமென்று விரும்புகிறேன்.
லூக்கா 12 : 49
வாலிபனே!



# ക്രിസ്തുമസ് ദിനത്തിൽ മറ്റുള്ളവരെ സഹായിക്കാനുള്ള ചില TIPS

**കർത്താവായ യേശുക്രിസ്തു നന്മ ചെയ്യുവാൻ പറഞ്ഞിരിക്കുന്നു. അപ്പോൾ ഈ ക്രിസ്തുമസ് നാളുകൾ നമുക്ക് നന്മ ചെയ്യാനുള്ള നല്ല അവസരമാണ്. ചിലർക്ക് നന്മ ചെയ്യാൻ ആഗ്രഹമുണ്ട്, പക്ഷേ അത് എങ്ങനെ ചെയ്യണമെന്ന് അറിയില്ല. അത്തരം ആളുകൾക്ക് ഇതാ ചില വഴികൾ...**

- വിശക്കുന്നവർക്ക് ഭക്ഷണം നൽകാം.
- പാവപ്പെട്ട കുടുംബങ്ങൾക്ക് ക്രിസ്തുമസ് സമ്മാനങ്ങൾ നൽകാം.
- ആവശ്യക്കാരായ കുഞ്ഞുങ്ങൾക്ക് സമ്മാനങ്ങൾ നൽകാം.
- പ്രായമായവരെയും ഒറ്റപ്പെട്ടിരിക്കുന്നവരെയും സന്ദർശിക്കുകയും, സംസാരിച്ച് അവർക്ക് ചായയോ ഭക്ഷണമോ വാങ്ങിക്കൊടുത്ത് അവരോടൊപ്പം സമയം ചെലവഴിക്കാം.
- ഭവനമില്ലാത്തവർക്ക് ഭക്ഷണം, പുതപ്പുകൾ, മറ്റ് അവശ്യവസ്തുക്കൾ എന്നിവ നൽകാം.

**"നന്മ ചെയ് വാൻ നിനക്കു പ്രാപ്തിയുള്ളപ്പോൾ അതിനു യോഗ്യന്മാരായിരിക്കുന്നവർക്കു ചെയ്യാതിരിക്കരുത്" (സദൃ. 3:27) എന്ന് വേദപുസ്തകം നമ്മോട് പറയുന്നു. നിങ്ങൾക്ക് ചെയ്യുവാൻ കഴിയുമ്പോൾ, അത് ചെയ്യുന്നതിൽ നിന്ന് നിങ്ങൾ പിന്മാറരുത് എന്ന് അത് സൂചിപ്പിക്കുന്നു. നന്മ ചെയ്യുവാൻ നിങ്ങൾക്ക് കഴിവുള്ളപ്പോൾ അർഹതയുള്ളവർക്ക് അത് ചെയ്യുവാൻ നിങ്ങൾ മടിക്കരുത് എന്ന് വേദപുസ്തകം വ്യക്തമായി പറയുന്നു.**

**"നന്മ ചെയ് വാനും സൽപ്രവൃത്തികളിൽ സമ്പന്നരായി ദാനശീലരും ഔദാര്യമുള്ളവരുമാകണം" (1 തിമൊഥെയൊസ് 6:18) എന്ന് പൗലൊസ് തിമൊഥെയൊസിനോട് പറയുന്നു.**